കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-124/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477 2252753

തീയതി: 21.04.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-124/2020 തീയതി, 21.04.2020

# ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുതൽ 21.11.2018 മുതൽ 20.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ.ജി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.12.2019 മുതൽ<br>07.01.2020 വരെ | ശ്രീ.ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.മനേഷ് കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി എൻ.സുധാമണി | 01.04.2018 മുതൽ 21.12.2018 വരെ |
| ശ്രീമതി അജിത.പി.സി | 22.12.18 മുതൽ 31.03.19 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീ.എസ്.ഹർഷൻ | 01.04.2018 മുതൽ 31.03.2019 വരെ |

3. **സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ജി.വിവേക് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ.ജി.കൃഷ്ണകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ഷാലിനി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.ശ്രീവിദ്യ മാധവൻ | 01.04.2018 മുതൽ 31.03.2019 വരെ |

**4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | ഉദ്യോഗ പേര് | ഉദ്യോഗസ്ഥരുടെ പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ.എസ്.ഹർഷൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | എ.ഡി.എ | ശ്രീമതി.സാറാ.റ്റി.ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | എം.ഒ.(സി.എച്ച്.സി) | ഡോ.ചിത്രാ കെ.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | സി.ഡി.പി.ഒ | ശ്രീമതി വിജയലക്ഷ്മി | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | എസ്.സി.ഡി.ഒ | ശ്രീമതി രജനി.എ. | 01.04.2018 മുതൽ 11.06.2018 വരെ |
| | | ശ്രീ സുനിൽ കുമാർ.എസ്.എൽ. | 12.06.2018 മുതൽ 19.06.2018 വരെ |
| | | ശ്രീമതി ലിസി ആന്റണി | 20.06.2018 മുതൽ 22.02.2019 വരെ |
| | | ശ്രീ. ആർ.രാജേഷ് | 23.02.2019 മുതൽ 01.03.2019 വരെ |
| | | ശ്രീ പി.ബിജി | 02.03.2019 മുതൽ 31.03.2019 വരെ |
| 6 | എ.എക്സ്.ഇ | ജിപ്സൺ ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | എ.ഇ | ശ്രീമതി.ഇന്ദു.എൽ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | ഐ.ഇ.ഒ | ശ്രീ.ഗോകുൽ രാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | ഡി.ഇ.ഒ | ശ്രീമതി.കെ.കെ.ഉഷാ ഭായ് | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നം. | ഭാഗം 1 |
| --- | --- | --- |
| 1 | 1-1 മുതൽ 1-8 വരെ | പൊതു അവലോകനം |
| 2 | 1-9 | ടെൻഡർ ഫീസിനത്തിലുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല |
| 3 | 1-10 | കൊയ്ത്തു മെതിയന്ത്രം - ഉപയോഗക്രമത്തിൽ സുതാര്യതയില്ല - സമഗ്ര അന്വേഷണം ശുപാർശ ചെയ്യുന്നു |
| 4 | 1-11 | ഇൻറർ ലോക്ക്പാകലിന് അധിക നിരക്ക് - കരാറുകാരന് 33,216/- രൂപ അധികം അനുവദിച്ചു |
| 4 | 1-12 | പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണ ശേഷം നിർവ്വഹണ ഏജൻസികളുടെ പക്കൽ മിച്ചം നിൽക്കുന്ന തുക 1,44,023/-രൂപ തിരികെ ഈടാക്കിയിട്ടില്ല |
| 5 | 1-13 | അങ്കണവാടി നിർമ്മാണം - ഡെപ്പോസിറ്റ് ചെയ്ത തുക പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല |
| 6 | 1-14 | ക്യാൻസർ വിമുക്ത ചെങ്ങന്നൂർ-ഭക്ഷണചെലവ് വർദ്ധിച്ചത് പദ്ധതിയിൽ പ്രതികൂലമായി പ്രതിഫലിച്ചു. |
| 7 | 1-15 | വിഷാദ മുക്ത ചെങ്ങന്നൂർ-പദ്ധതി പ്രവർത്തനങ്ങളുടെ രേഖകൾ അപൂർണ്ണം |
| 8 | 1-16 | "പഠനമുറി" നിർമ്മാണം പാതിവഴിയിൽ - പദ്ധതി കടലാസ്സിൽ ഒതുങ്ങി |
| 9 | 1-17 | അർഹതാ രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താവിനെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി-കൈപ്പററിയ തുക തടസ്സപ്പെടുത്തുന്നു. |
| 10 | 1-18 | നടപടിക്രമങ്ങൾ പാലിച്ച് കൈപ്പറ്റിയ മുൻകൂറുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നില്ല. |
| 11 | 1-19 | ക്വട്ടേഷൻ/'ടെൻഡർ നടപടി പാലിക്കാതെ വാങ്ങലുകൾ നടത്തിയത് -തുക 65,800 തടസ്സപ്പെടുത്തുന്നു |
| 12 | 1-20 | ഐ.എ.വൈ അക്കൗണ്ടിൽ കോടികളുടെ നീക്കിയിരിപ്പ് |
| 13 | 1-21 | രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു |
| 14 | 1-22 | ഹയർസെക്കന്ററി രണ്ടാം വർഷ പഠിതാക്കളുടെ ഫീസ് അടയ്ക്കൽ - പഠന സംബന്ധമായ രേഖകൾ ഹാജരാക്കിയില്ല |
| 15 | 1-23 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു |
| 16 | ഭാഗം 2 | |
| | ഇല്ല | |
| 17 | 3-1 | കൊയ്ത്തു മെതിയന്ത്രം – ഉപയോഗക്രമത്തിൽ സുതാര്യതയില്ല – സമഗ്ര അന്വേഷണം ശുപാർശ ചെയ്യുന്നു |
| 18 | 3-2 | ഇന്റർലോക്ക് പാകലിന് അധിക നിരക്ക് – കരാറുകാരന് 33,216/- രൂപ അധികം അനുവദിച്ചു |
| 19 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 02.03.2018 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 191914497 | 191533481 |
| വാർഷിക കണക്ക് പ്രകാരം | 128672255 | 80322972 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.05.2019 | 27.05.2019 |

**2018-19 വാർഷിക കണക്കിലെ അപാകങ്ങൾ**

2018-19 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. മുൻ വർഷങ്ങളിലെപ്പോലെ നിലവിലും വരവുകൾക്ക് മാന്വൽ രസീത് നല്കിയ ശേഷം പിന്നീട് ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ ചേർത്തിരിക്കുന്നു.
2. RP-3 പ്രകാരം ഓഡിറ്റോറിയത്തിന്റെ വാടക ഇനത്തിൽ 1000/- രൂപ വരവുണ്ട്. എന്നാൽ വാടക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് നീക്കിയിരിപ്പായ 607,894/- രൂപയുടെ കൃത്യത വിലയിരുത്താനായിട്ടില്ല.
4. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
5. വിവിധ നിർവ്വഹണ ഏജൻസികളിൽ പല വർഷങ്ങളിൽ നിക്ഷേപിച്ചതും എന്നാൽ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ലാത്തതുമായ ഡെപ്പോസിറ്റ് തുകകൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | നിക്ഷേപ സ്ഥാപനം | തുക |
|---|---|---|
| 100/18 - പടിഞ്ഞാറ്റു തറ കോളനി – കുടിവെള്ള പൈപ്പ് ലൈനും ഗാർഹിക കണക്ഷനും(2017-18) | കേരള വാട്ടർ അതോറിറ്റി | 813750<br>456250 |
| 93/18-ചെറിയനാട് ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പൈപ്പ് ലൈനും ഗാർഹിക കണക്ഷനും (2017-18) | കേരള വാട്ടർ അതോറിറ്റി | 500000 |
| ലിഫ്റ്റ് ഇറിഗേഷൻ | മൈനർ ഇറിഗേഷൻ | 3375000 |
| 6/19 – ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പദ്ധതി-ഗാർഹിക കണക്ഷൻ നല്കൽ | കേരള വാട്ടർ അതോറിറ്റി | 1000000 |
| 37/19-കരിമ്പിൻ മുറ്റം കുടിവെള്ള പദ്ധതി, ആല, വാർഡ് 11 | ജില്ലാ ഭൂജല വകുപ്പ് | 1000000 |
| 40/19- മുളക്കുഴ 85-ാം നമ്പർ അങ്കണവാടി നിർമ്മാണം | മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ് | 600000 |
| 42/19 -തിരുവൻവണ്ടൂർ 141-ാം നമ്പർ അങ്കണവാടി നിർമ്മാണം | മിഷൻ ഡയറക്ടർ, | 600000 |

| | | |
|---|---|---|
| | എൻ.ആർ.ഇ.ജി.എസ് | |
| 43/19 – പുലിയൂർ 134-ാം നമ്പർ അങ്കണവാടി നിർമ്മാണം | മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ് | 600000 |

6. ഐ.ഡബ്ല്യൂ.എം.പി, പൈക്ക, എം.എൽ.എ. ഫണ്ട്, ടെന്ററുമായി ബന്ധപ്പെട്ട അക്കൗണ്ട്, സെൻസസ് അക്കൗണ്ട്, നാഷണൽ സേവിംഗ്സ് അക്കൗണ്ട്, ട്രഷറി ടി.എസ്.ബി അക്കൗണ്ട് ഓഫ് ബി.ഡി.ഒ, ഇൻകം ടാക്സ് അക്കൗണ്ട് എന്നീ അക്കൗണ്ടുകൾ നിലവിലും വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

**അനുബന്ധമായി ചേർത്തിട്ടുണ്ട്**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 06.01.2020 | |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 66835745 |
| വരവ് | 61836510 |
| ആകെ | 128672255 |
| ചെലവ് | 80322972 |
| നീക്കിയിരിപ്പ് | 48349283 |

## 1-5 ഫണ്ട് വിനിയോഗം (എ).സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 33312000 | 32312000 | 26511706 | 5800294 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 21518000 | 21518000 | 19228530 | 2289470 |
| വി.ഫണ്ട്(ടി.എസ്.പി) | 0 | 268000 | 268000 | 232000 | 36000 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 3833000 | 3833000 | 1922677 | 1910323 |
| ട്രഷറി റ്റി.എസ്.ബി.(ജനറൽ പർപ്പസ്) | 3549225 | 4545281 | 8094506 | 6361019 | 1733487 |

## 1-6 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത് |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| 62 | 62395527 | 37 | 47894913 | 23 | 2 | 60% |

# 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

**ആഭ്യന്തര നിയന്ത്രണം**

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കപ്പെടുന്നില്ല. ഇതിലേക്കായ് വാച്ച് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. കൂടാതെ മുൻകമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി തുടർ കമ്മിറ്റികളിൽ വിലയിരുത്തുന്നതായി മിനിട്ട്സിൽ രേഖയില്ല.
2. സ്ഥാപനത്തിൽ സാംഖ്യാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും പണം സ്വീകരിക്കുന്നതിനുള്ള രസീതുകൾ ഈ സംവിധാനത്തിൽ നൽകപ്പെടുന്നില്ല. ഈ അപാകത മുൻ റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും നിലവിലും മാന്വൽ രസീതുകളാണ് ഇതിലേക്കായി ഉപയോഗിക്കുന്നത്.
3. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയിന്മേൽ മോണിട്ടറിംഗ് നടത്തുന്നതായി ഫയലിൽ രേഖയില്ല.
4. പഞ്ചായത്തിന്റെ അധീനതയിലുള്ള കൊയ്ത്തുമെതിയന്ത്രത്തിന്റെ വരവ്-ചെലവുകളുടെ വിശദാംശം യഥാസമയം ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയിൽ കൊണ്ടുവന്നതായി രേഖയില്ല. ഇത് അപാകതകൾക്ക് വഴിയൊരുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
5. തനതുഫണ്ടു ചെലവു വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
7. സ്ഥാപനത്തിന്റെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും വിവരങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ സ്ഥാപനത്തിൽ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
8. ചെക്ക്, ഡി.ഡി. ആയി സ്ഥാപനത്തിനു ലഭിക്കുന്നതും സെക്യൂരിറ്റി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതുമായ തുകകൾക്ക് രസീത് എഴുതിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2019 | 2018-19 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2014 | 2013-14 | 28.02.14 |

# 1-9 ടെൻഡർ ഫീസിനത്തിലുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക്

ഓൺലൈനായി ഒടുക്കുവരുത്തിയിരുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2018-19 വർഷം 31 പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ പ്രസ്തുത അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടുള്ളത് 68,030/-രൂപയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന ഈ തുക നാളിതുവരേക്കും (1/2020) മടക്കി ലഭിച്ചിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ ഈയിനത്തിൽ ഒടുക്കിയ തുകയും ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ആകയാൽ ടെണ്ടർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുവാനുള്ള മുഴുവൻ തുകയും ഈടാക്കുന്നതിലേക്കാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-10 കൊയ്ത്തു മെതിയന്ത്രം - ഉപയോഗക്രമത്തിൽ സുതാര്യതയില്ല - സമഗ്ര അന്വേഷണം ശുപാർശ ചെയ്യുന്നു

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ള കൊയ്ത്ത് മെതി യന്ത്രം വാടകയ്ക്ക് നല്കുന്നതിലും, അതിന്റെ 2018-19 കാലയളിലെയും തുടർന്ന് ഓഡിറ്റ് സമയവും (12/2019-01/2020) വരെയുള്ള വരവു ചെലവുകളുടെ അക്കൗണ്ടിംഗിലും ചുവടെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തി.

<u>വരവു ഭാഗം</u>

1. **<u>വരവ് തുക ബാങ്കിൽ അടയ്ക്കുന്നതില് വീഴ്ച</u>**

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) കസ്റ്റോഡിയനായ രസീത് ബുക്ക് മുഖേനയാണ് കൊയ്ത്ത് മെതി യന്ത്രത്തിന്റെ വാടക സ്വീകരിയ്ക്കുന്നത്. രസീത് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 29.11.2018 നും 06.03.2019 നും ഇടയിൽ ഉപയോഗിച്ച 35 മുതൽ 44 വരെയുള്ള രസീതുകൾ പ്രകാരം 50,000/- രൂപ വരവുണ്ടെങ്കിലും 45,000/- രൂപ മാത്രമേ 06.03.2019 തീയതിയിൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചെങ്ങന്നൂർ ശാഖയിലെ അക്കൗണ്ടിൽ എ.ഡി.എ ഓഫീസിലെ ക്ലർക്ക് ശ്രീ.അനിൽ കുമാർ അടച്ചതായി കാണുന്നുള്ളൂ. തുടർന്നും ബാക്കി 5000/- രൂപ അടച്ചതായി കാണുന്നില്ല.

2. **<u>തീയതി ഇടാതെ രസീതുകൾ എഴുതുന്നു</u>**

ചുവടെ ചേർക്കുന്ന രസീതുകൾക്ക് തീയതി എഴുതിയിട്ടില്ല. ഈ വരവുകൾ എന്നാണ് എ.ഡി.എ ഓഫീസിൽ വന്നതെന്നതിൽ വ്യക്തതയില്ല.

| രസീത് നമ്പർ | തുക അടച്ച ആൾ | തുക |
|---|---|---|
| 35 | പച്ചിലവേലിൽ പാടശേഖര സമിതി | 5000 |
| 36 | ഉമയാറ്റുകര പാടശേഖര സമിതി | 5000 |
| 37 | കിളിയന്തറ പാടശേഖര സമിതി | 5000 |
| 38 | ഉഴാട് പാടശേഖരം | 5000 |

3. **<u>രസീത് ബുക്ക് പരിപാലിയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ച</u>**

ബുക്ക് നമ്പർ 1340 രസീത് നമ്പർ 27 മുതൽ 50 വരെയുള്ളവയാണ് 2018-19 കാലയളവിലും തുടർന്നും ഉപയോഗിച്ചിരിയ്ക്കുന്നത്. ഈ രസീത് ബുക്ക് വളരെ അലക്ഷ്യമായാണ് പരിപാലിയ്ക്കുന്നത്. ഇക്കാലളവിൽ ഉപയോഗിച്ച മിക്ക രസീതുകളുടെയും അപേക്ഷകർക്ക് നല്കേണ്ട ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ തന്നെ നിലനിർത്തിയിരിയ്ക്കുന്നു. അപേക്ഷകർക്ക് ഇത് നല്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ രസീത് നമ്പർ 41 പ്രകാരം മംഗലം വടക്ക് പാടശേഖരം അടച്ച 5000/- രൂപയുടെ ഒറിജിനൽ രസീത്, രസീത് ബുക്കിൽ ഇല്ല. പകരം ഡ്യൂപ്ലിക്കേറ്റ് രസീത് മാത്രമാണുള്ളത്.

4. **<u>ക്രമ വിരുദ്ധമായി രസീതുകൾ ക്യാൻസൽ ചെയ്യുന്നു</u>**

രസീത് നമ്പർ 47, 48 എന്നിവ ക്യാൻസൽ ചെയ്തതായാണ് രസീതു ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് കസ്റ്റോഡിയനായ എ.ഡി.എ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ ക്യാൻസൽ ചെയ്ത രസീത് നമ്പർ 47 ൽ കാരിക്കോണം പാടശേഖരം അടച്ചതായി രേഖപ്പെടുത്തിയ 4875/- രൂപ 02.12.2019 തീയതിയിൽ ബാങ്കിൽ വരവു വന്നിട്ടുണ്ട്. ഇത് എപ്രകാരമെന്നതിൽ വ്യക്തതയില്ല. ക്യാൻസൽ ചെയ്ത ഈ രസീതിന്റെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടില്ല.

5. **<u>രസീത് എഴുതാത്ത തുകകൾ ബാങ്കിൽ അടച്ചു</u>**

വിവിധ പാടശേഖരങ്ങൾ സമർപ്പിയ്ക്കുന്ന അപേക്ഷകളിൽ അവർ 5000/- രൂപ അഡ്വാൻസ് എ.ഡി.എ. ഓഫീസിൽ അടച്ചു എന്ന് എഴുതിയിട്ടുണ്ടെങ്കിലും ഇവ വരവായി രസീതു ബുക്കിൽ വന്നതായി കാണുന്നില്ല. കൂടാതെ ചുവടെ പട്ടികയിൽ ചേർക്കുന്ന തുകകൾ ബാങ്കിൽ വരവു വന്നിട്ടുണ്ടെങ്കിലും, ആയതിന് രസീത് എഴുതിയിട്ടില്ല.

| ബാങ്കിൽ വരവ് തീയതി | വരവ് തുക | തുക അടച്ച പാടശേഖരത്തിന്റെ പേര് | കുറിപ്പ് |
|---|---|---|---|
| 22.10.19 | 16500 | പടനിലം പാടശേഖരം | |
| 21.11.19 | 6025 | പടനിലം പാടശേഖരം | |
| 02.12.19 | 848 | പനക്കീഴ് പാടം | |
| 02.12.19 | 26692 | മുണ്ടകപ്പാടം | |
| 02.12.19 | 13750 | കണ്ണാടി മുണ്ടോടി പാടം | |
| 02.12.19 | 4875 | കാരിക്കോണം പാടം | ക്യാൻസൽ ചെയ്ത രസീത് നം 47 പ്രകാരമുള്ളത് |
| ആകെ | 68690 | | |

രസീതിന്റെ അഭാവത്തിൽ എത്ര രൂപ പാടശേഖരങ്ങൾ എ.ഡി.എ ഓഫീസ് മുഖേന ബാങ്കിൽ അടച്ചു എന്നതിൽ വ്യക്തത ഇല്ല.

6. **<u>കളക്ഷൻ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല</u>**

പ്രതി ദിന വരവുകൾ രസീതിൽ എഴുതുന്നതിനൊപ്പം തന്നെ കളക്ഷൻ രജിസ്റ്ററിലും രേഖപ്പെടുത്തി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ. കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലെന്നത് ഗുരുതരമായ വീഴ്ചയും മേൽ പ്രതിപാദിച്ച രീതിയിലുള്ള അപാകതകൾക്ക് വഴിയൊരുക്കുന്നതുമാണ്. കൂടാതെ പ്രതിദിനം ക്യാഷ് ബുക്ക് എഴുതുന്നുമില്ല.

7. **<u>പാടശേഖരങ്ങൾ ഏൽപ്പിക്കുന്ന തുകയിൽ ചെലവു കഴിച്ചുള്ളവ മാത്രം ബാങ്കിൽ അടയ്ക്കുന്നു</u>**

കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിക്കുന്ന ഓരോ മണിക്കൂറിനും 750/- രൂപയാണ് പാടശേഖരങ്ങളിൽ നിന്നും ഈടാക്കുന്നത്. പാടശേഖരങ്ങൾ അടച്ച തുകയെപ്പറ്റി ചെലവു വൗച്ചറുകൾക്കൊപ്പം ഏതാനും സ്റ്റേറ്റ്മെന്റ് ഇട്ടിട്ടുണ്ടെങ്കിലും ആ തുക ഏത് തീയതിയിലാണ് എ.ഡി.എ ഓഫീസിൽ ഏൽപ്പിച്ചതെന്നതിൽ വ്യക്തതയില്ല. ആ വരവുകൾക്കൊന്നും രസീത് എഴുതിയിട്ടുമില്ല. പ്രസ്തുത സ്റ്റേറ്റ്മെന്റിൽ വരവിൽ നിന്നും കൊയ്ത്തു മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണിയ്ക്ക് വിനിയോഗിച്ച തുകയുടെ ബാക്കിയാണ് ബാങ്കിൽ അടച്ചതെന്നാണ് വ്യക്തമാകുന്നത്. എന്നാൽ അറ്റകുറ്റപ്പണി നടത്തിയതിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കുകയോ പൂർണ്ണമായ വിവരം ലോഗ് ബുക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

സ്റ്റേറ്റ്മെന്റ് പ്രകാരം അറ്റകുറ്റപ്പണിയ്ക്കുശേഷം അടച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പാടശേഖരത്തിന്റെ പേര് | കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിച്ച തീയതി | ആകെ മണിക്കൂർ | സ്റ്റേറ്റ് മെന്റിലെ തുക | ലഭിയ്ക്കേണ്ട തുക | ബാങ്കിൽ അടച്ച തുക/ തീയതി | യന്ത്രത്തിന്റെ അറ്റകുറ്റപ്പണിയുടെ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| പനക്കീഴ് പാടശേഖരം | - | 8 | 6000 | 6000 | 848 | 5152 | - |
| കിളിയന്തറ പാടശേഖരം | 16.02.19 – 18.02.19 | 9.1 | 6825 | 6825 | ബാങ്കിൽ അടച്ചില്ല | 866 | 4041 (ആകെ 10000/- രൂപ പാടഖേഖര സമിതി ഏൽപ്പിച്ചുവെങ്കിലും ചെലവുകഴിച്ച് 4041/- രൂപ പാടശേഖര സമിതിയ്ക്ക് തിരികെ നല്കി) ചെലവിന്റെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. |
| മഴക്കീർ | 08.03.19 – 17.03.19 | 46.7 | 35025 | 35025 | 24475/20.09.19 | 5550 | 5000 |
| ചാങ്ങപ്പാടം | 20.03.19- 30.03.19 | 58.30 | 43875 | 43725 | 23501/17.04.19 (ബാങ്കിൽ അടച്ച തുകയിൽ 13651/- രൂപ മാത്രമാണ് ചാങ്ങപ്പാടത്തിന്റേതായി ഉള്ളത്. ഹാജരാക്കിയ രേഖകൾ പ്രകാരം ബാക്കി 9850/- രൂപയിൽ വ്യക്തത ഇല്ല) | 25224 | 5000 |
| പള്ളിപ്പുറം | 25.04.18- 04.05.18<br>02.04.19- 06.04.19<br>10.04.19- 20.04.19<br>03.05.19- 09.05.19 | 104.42 | 78525 | 78315 | 62000/26.07.19 | 11525 | 4790 |

8. <u>കൊയ്ത്തു മെതി യന്ത്രം ഉപയോഗിച്ചതിന് വാടക ലഭിച്ചതായി രേഖയില്ല</u>

വിവിധ പാടശേഖരങ്ങളിൽ ലോഗ് ബുക്ക് പ്രകാരം കൊയ്ത്തു മെതി യന്ത്രം പ്രവർത്തിച്ചു എന്നു പറയുന്ന തീയതികളിൽ വാടക ലഭിച്ചതിന് രേഖയില്ല. ഈ ഇനത്തിൽ രസീത് എഴുതുകയോ, ബാങ്കിൽ തുക അടയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. ഒരു മണിക്കൂറിന് 750/- രൂപ നിരക്കിൽ ആകെ 204.7 മണിക്കൂർ പ്രവർത്തിച്ചതിന് 153525/- രൂപ യന്ത്രവാടകയിനത്തിൽ ലഭിക്കുവാനുണ്ട്.

| പാടശേഖരത്തിന്റെ പേര് | കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിച്ച തീയതി | ആകെ മണിക്കൂർ | ലഭിക്കേണ്ട തുക |
|---|---|---|---|
| 1 | 2 | 3 | 4 |
| കായലോടി | 03.04.18 – 05.04.18 | 18.5 | 13875 |
| | 05.05.18-09.05.18 | 21.7 | 16275 |
| | 19.05.18-21.05.18 | 9.6 | 7200 |
| പടനിലം | 21.04.18- 23.04.18 | 14.7 | 11025 |
| | 10.05.18-15.05.18 | 31.8 | 23850 |
| | 28.04.19-02.05.19 | 10.2 | 7650 |
| | | | |

| | | | |
|---|---|---|---|
| | 09.05.19-13.05.19 | 16.6 | 12450 |
| ചെറിയനാട് | 25.01.18-26.01.18 | 9.1 | 6825 |
| | 17.05.19-27.05.19 | 38.4 | 28800 |
| മംഗലം | 04.03.19 | 5 | 3750 |
| ഉമയാറ്റുകര | 17.03.19 | 4.6 | 3450 |
| ചിറ്റാറ്റുവേലി | 18.03.19-19.03.19 | 14 | 10500 |
| ബുധനൂർ പടനിലം | 26.04.19-27.04.19 | 8 | 6000 |
| വലിയകുഴി | 16.05.19 | 2.5 | 1875 |
| ആകെ | | 204.7 | 153525 |

വാടകയിനത്തിൽ ലഭിക്കുവാനുള്ള തുക ഈടാക്കി വിവരമറിയിക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

<u>ചെലവു ഭാഗം</u>

1. <u>ഫയലിൽ ചെലവു രേഖകൾ ഇല്ല</u>

2018-19 ൽ ബാങ്കിൽ നിന്നും ചെക്ക് നം. 314603/07.12.18 പ്രകാരം പിൻവലിച്ച് ക്യാഷ് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിട്ടുള്ള 75,000/- രൂപയുടെ ചെലവുകളുടെ രേഖകൾ ഫയലിൽ ഇല്ല. തുക തടസ്സപ്പെടുത്തുന്നു.

2. <u>യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചു</u>

കൊയ്ത്തു മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾക്കായി പി.വി ബാലഗോപാൽ എന്ന സ്വകാര്യ വ്യക്തിയ്ക്ക് 93649/- രൂപ (ചെക്ക് നം. 314602/13.08.18) നൽകി. യന്ത്രത്തിന്റെ ലോഗ് ബുക്ക് പ്രകാരം 20.05.2018 ൽ ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ കായലോടി പാടശേഖരത്തിൽ കൊയ്ത്തു വേളയിൽ യന്ത്രം കേടായതിനെ തുടർന്ന് തിരുവല്ല റോക്ക് ഷീൽഡ് ഇൻഡസ്ട്രീസ് എന്ന വർക്ക് ഷോപ്പിലേക്ക് യന്ത്രം അറ്റകുറ്റപ്പണികൾക്കായി മാറ്റി എന്നും ഇതിന്റെ ചെലവു വഹിച്ചതിനായാണ് തുക ടിയാൾക്ക് അനുവദിച്ചതെന്നുമാണ് എ.ഡി.എ യുടെ BC.06/2018/30.07.2018 നമ്പർ നടപടിക്രമത്തിൽ നിന്നും വ്യക്തമാകുന്നത്. ആകെ അനുവദിച്ച 93649/- രൂപയിൽ 54355/- രൂപ റോക്ക് ഷീൽഡ് ഇൻഡസ്ട്രീസ് സമർപ്പിച്ച 287/01.06.2018, 288/01.06.2018 നമ്പർ ക്വട്ടേഷനുകളുടെ മാത്രം അടിസ്ഥാനത്തിലാണ്.

കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളുടെ ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള സർക്കാർ സംവിധാനമായ ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നോ അറ്റകുറ്റപ്പണികൾക്കായി ബ്ലോക്ക് നിയോഗിച്ച മെക്കാനിക്കോ കൊയ്ത്തു മെതിയന്ത്രം പരിശോധിച്ച് അറ്റകുറ്റപ്പണിയുടെ ആവശ്യകത നിർണ്ണയിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് മിനിട്ട്സിൽ അറ്റകുറ്റപ്പണി ബ്ലോക്കിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല.

കൊയ്ത്തു മെതിയന്ത്രത്തിന്റെ അറ്റകുറ്റപ്പണി ബ്ലോക്ക് പഞ്ചായത്തിന്റെ/എ.ഡി.എ യുടെ ഉത്തരവാദിത്തമാണ്. ഇതിനു വിപരീതമായി സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ച നടപടിയും അംഗീകൃത ബില്ലിന്റെ അഭാവത്തിൽ ക്വട്ടേഷന്റെ മാത്രം അടിസ്ഥാനത്തിൽ സ്ഥാപനത്തിന് തുക അനുവദിച്ച നടപടിയും ക്രമപ്രകാരമല്ല. ഇതിനായി ചെലവഴിച്ച 93649/- രൂപ നിരാകരിക്കുന്നു.

3. <u>ചെലവു രേഖകൾക്ക് പാസ്സ് ഓർഡർ നല്കുകയോ, ബില്ലുകൾ കൗണ്ടർ സൈൻ നടത്തുകയോ ചെയ്യുന്നില്ല</u>

ചെലവു രേഖകൾക്കൊപ്പം ഹാജരാക്കിയ അറ്റകുറ്റപ്പണിയുടെ ബില്ലുകൾക്ക് കസ്റ്റോഡിയൻ ഓഫീസർ പാസ്സ് ഓർഡർ നല്കുകയോ, ബില്ലുകൾ കൗണ്ടർ സൈൻ നടത്തുകയോ ചെയ്ത് അധികൃതമാക്കുന്നില്ല. ലോഗ് ബുക്ക് പേജ് നമ്പർ 50, 51, 52, 53, 57, 58 എന്നിവയിൽ ചേർത്തിട്ടുള്ള ബില്ലുകൾ ഒഴികെ അറ്റകുറ്റപ്പണിയ്ക്ക് ചെലവഴിച്ചതായി കാണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ബില്ലുകൾ ലോഗ് ബുക്കിലോ ക്യാഷ് ബുക്കിലോ ചേർത്തിട്ടില്ല.

| ബില്ല് നല്കിയ സ്ഥാപനം | ബില്ല് നമ്പർ | ആവശ്യം | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| രാജ് ഓട്ടോ ഇലക്ട്രിക്കൽസ് | 3380/24.01.19 | സ്വിച്ച്, എൽ.ഇ.ഡി | 1280 |
| ഡിവൈൻ ഓട്ടോമൊബൈൽസ് | 140/18.05.19 | സ്പെയർ പാർട്ട്സ് | 803 |
| തമ്പി ഓട്ടോ ഇലക്ട്രിക്കൽസ് | 83/24.01.19 | ലൈറ്റ്, ബൾബ് | 1200 |
| ഡിവൈൻ ഓട്ടോമൊബൈൽസ് | 638/25.01.19 | ഓയിൽ, പൈപ്പ്, ബെൽറ്റ് | 5575 |
| കേരള അഗ്രോ ഹാർവ്വസ്റ്റ് സെന്റർ | 125/29.04.19 | - | 5152 |
| മോഡേൺ എഞ്ചിനീയറിംഗ് വർക്സ് | 08/ തീയതിയില്ല | കട്ടർ ബാർ വെൽഡിംഗ് | 750 |
| വലിയത്ത് ട്രേഡേഴ്സ് | നമ്പർ ഇല്ല/19.2.19 | നട്ട്, ബോൾട്ട് | 116 |

4. **വരവു ചെലവുകൾ, മേൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല**

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ളതാണ് കൊയ്ത്ത് മെതി യന്ത്രമെങ്കിലും ഇതിന്റെ വരവു ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇവ മേൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

5. **കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇല്ല**

പാടശേഖരങ്ങൾക്ക് കൊയ്ത്തു മെതി യന്ത്രം അനുവദിക്കുന്നതിന് അതത് കൃഷി ഓഫീസർമാരുടെ റെക്കമെന്റേഷൻ ആവശ്യമാണ്. എന്നാൽ വളരെ കുറച്ച് അപേക്ഷകളിൽ മാത്രമേ കൃഷി ഓഫീസർമാരുടെ റെക്കമെന്റേഷൻ ഉള്ളൂ.

6. **അറ്റകുറ്റപ്പണിയ്ക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല**

കൊയ്ത്ത് മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണിയുടേതായി വളരെ അധികം ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് 30.06.2017-ൽ ജി.ഒ.(എം.എസ്) 170/07 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ അനുശാസിക്കും പ്രകാരം ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. അറ്റകുറ്റപ്പണിക്കായി അക്കൗണ്ടിൽ നിന്നും 2018-19 വർഷം 340844/- രൂപ പിൻവലിച്ചുവെങ്കിലും അതിന്റെ ചെലവു വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വൗച്ചറുകൾ പാടശേഖര സമിതികൾ/കർഷകർ നേരിട്ട് ചെലവഴിച്ച തുകയുടേതാണ്.

7. **ലോഗ് ബുക്കിൽ രേഖപ്പെടുത്താത്ത അറ്റകുറ്റപ്പണികൾക്കായി തുക പിൻവലിയ്ക്കുന്നു**

കൊയ്ത്തു മെതി യന്ത്രത്തിന്റെ അക്കൗണ്ടിൽ നിന്നും 2018-19 വർഷം പിൻവലിച്ച 415944/- രൂപയിൽ 340844 /- രൂപ അറ്റകുറ്റപ്പണികൾക്കായി എന്നാണ് പാസ്സ് ബുക്കിലും ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2018-19 വർഷം (11.03.19 മുതൽ 28.03.19) ആകെ 28424/- രൂപ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ച എന്നാണ് ലോഗ് ബുക്കിൽ രേഖയുള്ളത് (പേജ് നം. 51,52,53). ലോഗ് ബുക്കിലെ രേഖകൾക്ക് അതീതമായി തുക വിനിയോഗിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം (പേജ് 57, 58) 05/2019 ൽ 11525/- രൂപ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി പാസ്സ് ബുക്കിൽ നിന്നും തുകയൊന്നും പിൻവലിച്ചിട്ടില്ല. അക്കൗണ്ടിൽ നിന്നും തുക പിൻവലിയ്ക്കാതെ അറ്റകുറ്റപ്പണിയ്ക്കായി വിനിയോഗിച്ചതിൽ നിന്നും പാട ശേഖര സമിതികളിൽ നിന്നും ഈടാക്കുന്ന തുക പൂർണ്ണമായും അക്കൗണ്ടിൽ അടയ്ക്കുന്നില്ലാ എന്ന് വ്യക്തമാകുന്നു. കൂടാതെ ലഭിച്ച തുകയിൽ നിന്നും ചെലവ് കഴിച്ചുള്ള തുകയാണ് ബാങ്കിൽ ഒടുക്കുന്നതെന്ന് മുൻഖണ്ഡികയിൽതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് അനുവദിക്കാവുന്നതല്ല. അറ്റകുറ്റപ്പണികൾക്കായി പിൻ വലിയ്ക്കുന്ന തുകയുമായി ബന്ധപ്പെട്ട വൗച്ചറുകൾ ക്രമ പ്രകാരം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ തുക പിൻവലിയ്ക്കുന്ന കസ്റ്റോഡിയൻ ഓഫീസർ പാസ്സാക്കിയതായി രേഖയില്ല.

8. **യന്ത്രത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല**

കൊയ്ത്തു മെതിയന്ത്രം പാടശേഖരങ്ങളിൽ ഉപയോഗിയ്ക്കുന്ന വേളയിലെ ഇന്ധനത്തിന്റെ ഉപഭോഗം ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ കൃത്യമായ ഇന്ധന ബില്ല് ചെലവു രേഖകൾക്കൊപ്പം സൂക്ഷിയ്ക്കുകയോ ചെയ്യുന്നില്ല. കൊയ്ത്തു

മെതി യന്ത്രം വാടകയ്ക്കെടുക്കുന്ന പാടശേഖരങ്ങൾ ഇതിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9. **<u>അക്കൗണ്ടിൽ നിന്നും തുക പിൻവലിയ്ക്കുന്നതിന് കൃത്യമായ രേഖകളില്ല</u>**

ബൈലോ പ്രകാരം വാഹനം അറ്റകുറ്റപ്പണി നടത്തേണ്ടത് യന്ത്രം വാടകയ്ക്കെടുക്കുന്ന പാടശേഖര സമിതി/കർഷകർ ആണെങ്കിലും അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതിന് വ്യക്തമായ രേഖകൾ ഇല്ല.

10. **750/- രൂപ നിരക്കിലാണ് വാടക ഈടാക്കുന്നതെങ്കിലും വാടക നിശ്ചയിച്ചതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.**

ലഭ്യമായ രേഖകൾ പ്രകാരം കൊയ്ത്തു മെതിയന്ത്രത്തിന് 750/- രൂപ നിരക്കിലാണ് വാടക ഈടാക്കുന്നതെങ്കിലും വാടക നിശ്ചയിച്ചതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

മേൽ വിഷയങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.10/04.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിന്റെ കണ്ടെത്തലുകളെ അംഗീകരിക്കുകയാണുണ്ടായത്.

രസീതു പിരിവിലെ അപാകങ്ങളാലും ചെലവു രേഖകൾ സുതാര്യമല്ലാത്തതിനാലും എ.ഡി.എ കസ്റ്റോഡിയൻ ഓഫീസറായ കൊയ്ത്തു മെതി യന്ത്രത്തിന്റെ വരവു ചെലവുകളും നടത്തിപ്പും സംബന്ധിച്ച് മുകളിൽ പ്രതിപാദിച്ച അപാകതകളിൻമേൽ സമഗ്രമായ അന്വേഷണത്തിനും തുടർ നടപടികൾക്കും വിധേയമാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

# 1-11 ഇന്ററർലോക്ക് പാകലിന് അധിക നിരക്ക് - കരാറുകാരന് 33,216/- രൂപ അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പള്ളിപ്പടി - ചക്കുളത്ത് കാവ് റോഡ് |
| പ്രോജക്ട് നം. | 70/19 |
| കരാറുകാരൻ | ശ്രീ.റ്റി.വി.വിജയകുമാർ |
| എഗ്രിമെന്റ് നം./തീയതി | 8/17-18/28.2.18 |
| മൂല്യനിർണ്ണയ തുക | 9,06,600/- |
| അളവു പുസ്തക നം. | 13/17-18 |
| ട്രഷറി ബിൽ നം./തീയതി | 3/14.06.18 |

ഈ പ്രവൃത്തിയുടെ 3-ാം ഇനമായി 160 മീറ്റർ നീളത്തിലും 3.75 മീറ്റർ വീതിയിലും (600 $m^2$) ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് (80 mm) പാകുന്നതിനായി 916.39/$m^2$ നിരക്കിൽ 5,49,834/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തുകയും, ഇതേ അളവിൽ പ്രവൃത്തി നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. Mord Specification 6-7-1 പ്രകാരമാണ് ഈ ഇനത്തിന് നിരക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ഇന്റർലോക്ക് പാകുന്നതിന് ഇരുവശത്തും എഡ്ജ് ബ്ലോക്ക് (Edge Block) ചെയ്യുന്നതിനുള്ള നിരക്കുകൂടി ഉൾപ്പെടുന്നു (M-381). എന്നാൽ ഈ പ്രവൃത്തിയുടെ 4-ാം ഇനമായി ഇന്റർലോക്ക് പാകിയ റോഡിന് ഇരുവശവും മുഴുവൻ നീളത്തിലും (160 m), ശരാശരി 60 സെ.മീ. വീതിയിലും കോൺക്രീറ്റ് ചെയ്യതിന് (18.2 $m^3$) 8923.27 $m^3$ നിരക്കിൽ 1,62,404/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡിന്റെ ഇരുവശവും പ്രത്യേകമായി കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഇന്റർലോക്ക് പാകുന്നതിനുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരുന്ന Edge block നിരക്ക് കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരം കുറവു വരുത്താതെ തുക അനുവദിക്കുകവഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| ഇന്റർലോക്ക് പാകലിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് (225 $m^2$) | 110022.26 |
| (-) Edge block നിരക്ക് | 6660 |
| | |

| | |
|---|---|
| | **103362.26** |
| Edge block 1 $m^2$ നുള്ള നിരക്ക് | 103362.26<br><br>225 |
| | **459.39** |
| +OH (10%) | 459.39+45.94 |
| | **505.33** |
| +CP (10%) | 505.33+50.53 |
| | **555.86** |
| (+) Cost index (54.9%) | 555.86+305.17 |
| എഡ്ജ് ബ്ലോക്കിനുള്ള തുക ഒഴിവാക്കിയതിനു ശേഷമുള്ള അനുവദനീയമായ നിരക്ക് | **861.03/$m^2$** |
| നൽകിയ നിരക്ക് | 916.39/$m^2$ |
| കരാറുകാരന് നൽകാവുന്ന തുക | 600x861.03 |
| | **516618** |
| കരാറുകാരന് നൽകിയ തുക | 600x916.39 |
| | **543834** |
| അധികം നൽകിയ തുക | 543834-<br>516618 |
| | **33216** |

ഇപ്രകാരം കരാറുകാരന് അധികം തുക അനുവദിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/03.01.2020) ഇന്റർലോക്കിന് കടത്തുകൂലി അനുവദിച്ചിട്ടില്ലാത്തതിനാൽ ആയതുകൂടി പരിഗണിച്ചാൽ നൽകിയ അധിക നിരക്ക് 23.66/$m^3$ ആണെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. എന്നാൽ ഇന്റർലോക്കിന്റെ കടത്തുകൂലി എസ്റ്റിമേറ്റിലും, ടെന്റർ ഷെഡ്യൂളിലും ഉൾപ്പെടുത്തിയിട്ടില്ല. ഇതിലേക്ക് കരാറുകാരൻ പ്രത്യേകം തുക ആവശ്യപ്പെട്ടിട്ടുമില്ല. കരാറുകാരൻ അംഗീകരിച്ച നിരക്കിൽ അധികരിച്ച് ടിയാന് തുക നൽകുന്നത് അനുവദനീയമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയതും, സാങ്കേതികാനുമതി നൽകിയതും, മൂല്യനിർണ്ണയം നടത്തിയതുമായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കിയത് – ശ്രീമതി.ഷംല.എം.എസ്, അസിസ്റ്റന്റ് എൻജിനീയർ

സാങ്കേതികാനുമതി നൽകിയത് – ശ്രീമതി.ശ്രീകല.കെ.ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

മൂല്യനിർണ്ണയം നടത്തിയത് – ശ്രീമതി.ഇന്ദു.എൽ.ആർ, അസിസ്റ്റന്റ് എൻജിനീയർ

## 1-12 പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണ ശേഷം നിർവ്വഹണ ഏജൻസികളുടെ പക്കൽ മിച്ചം നിൽക്കുന്ന തുക 1,44,023/-രൂപ തിരികെ ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളുടെ പക്കൽ മിച്ചം നിൽക്കുന്നതായി അവർ അറിയിച്ചിട്ടുള്ള 1,44,023/- രൂപ ബ്ലോക്ക് പഞ്ചായത്ത് തിരികെ ഈടാക്കിയിട്ടില്ല.

1). <u>ഉമയാറ്റുകര – മാവേലിത്തറ മുതൽ കൊച്ചിക്കൽ വരെ ഗാർഹിക കുടിവെള്ള കണക്ഷൻ</u>

(പ്രോജക്ട് നം.92/18)

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 2017-18 വർഷം 6 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു (വൗച്ചർ നം.27/13.12.17). നിർമ്മാണ പൂർത്തീകരണശേഷം വാട്ടർ അതോറിറ്റി 21.05.2019 – ൽ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ സെന്റേജ് ചാർജ്ജുൾപ്പെടെ ആകെ ചെലവ് 491874/-രൂപ എന്നും, 108126/- രൂപ നീക്കിയിരിപ്പുള്ളതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് സമയം വരെ (1/2020) തിരികെ ഈടാക്കുകയോ, ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2) ബ്ലോക്ക് ഓഫീസ് മെയിന്റനൻസ് (പ്രോജക്ട് നം.81/16-17)

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി 3,70,000/- രൂപ 2016-17 വർഷം പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ നിക്ഷേപിച്ചിരുന്നു. നിശ്ചിത പ്രവൃത്തി 17.04.2018- ൽ പൂർത്തീകരിച്ചതായി കാണിച്ച് പി.ഡബ്ല്യൂ.ഡി - യുടെ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 27.09.18 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നു. ഈ വിനിയോഗ സാക്ഷ്യപത്രപ്രകാരം 3,34,103/-രൂപ പ്രവൃത്തിക്കായി ചെലവഴിച്ചുവെന്നും, 35,897/- രൂപ മിച്ചം നിൽക്കുന്നുവെന്നുമാണ് രേഖ. എന്നാൽ ഓഡിറ്റ് സമയം വരെയും (1/2020) മിച്ചം നിൽക്കുന്ന തുക തിരികെ ഈടാക്കുകയോ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ആകയാൽ നിർവ്വഹണ ഏജൻസികളുടെ പക്കൽ മിച്ചം നിൽക്കുന്നതായി അവർ അറിയിച്ചിട്ടുള്ള 1,44,023/- രൂപ തിരികെ ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതും, ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-13 അങ്കണവാടി നിർമ്മാണം - ഡെപ്പോസിറ്റ് ചെയ്ത തുക പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല

അങ്കണവാടി കെട്ടിടങ്ങളുടേയും, ചുറ്റുമതിലിന്റേയും നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് എൻ.ആർ.ഇ.ജി.എസ് - മായി ചേർന്ന് താഴെപ്പറയുന്ന സംയുക്ത പ്രോജക്ടുകളിൽ ഉൾപ്പെടുത്തി 18,00,000/- രൂപ എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി അക്കൌണ്ടിലേക്ക് 2018-19 വർഷം നിക്ഷേപിച്ചിരുന്നു (A/c No.799011400000486).

| ക്രമ നം. | പ്രോജക്ടിന്റെ പേരും, നമ്പരും | നിക്ഷേപിച്ച തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1 | പുലിയൂർ ഗ്രാമപഞ്ചായത്തിലെ 134-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണവും ചുറ്റുമതിലും (43/19) | 6,00,000 | 11/31.12.2018 |
| 2 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ 141-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണവും ചുറ്റുമതിലും (42/19) | 6,00,000 | 8/26.11.2018 |
| 3 | മുളക്കുഴ ഗ്രാമപഞ്ചായത്തിലെ 85-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണവും, ചുറ്റുമതിലും (40/19) | 6,00,000 | 9/20.11.2018 |

എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 14.02.2017 – ലെ 2507/EGSA/2015/REGS നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക പിൻവലിച്ച് മുകളിൽ പ്രതിപാദിച്ച അക്കൌണ്ടിലേക്ക് നിക്ഷേപിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനം ടി അക്കൌണ്ടിലേക്ക് തുക നിക്ഷേപിക്കുമ്പോൾ ഏതു പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാണ് നിക്ഷേപിക്കുന്നതെന്നതിന്മേൽ പ്രൊസീഡിംഗ്സ് തയ്യാറാക്കി ആയതിന്റെ പകർപ്പ് മിഷൻ ഡയറക്ടർക്ക് നൽകണമെന്ന് ടി കത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ നിർദ്ദേശാനുസരണമുള്ള പ്രൊസീഡിംഗ്സ് തയ്യാറാക്കി മിഷൻ ഡയറക്ടർക്ക് ഓഡിറ്റ് സമയം വരെ (1/2020) നൽകിയിട്ടില്ല.

പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സാക്ഷ്യപത്രവും ആവശ്യപ്പെട്ട് 17.09.2019 – ൽ പുലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിനുള്ള മറുപടിയിൽ 134-ാം നമ്പർ അങ്കണവാടി നിർമ്മാണവുമായി

ബന്ധപ്പെട്ട് 6 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തുക ലഭിക്കാത്തതുമൂലം മറ്റു രണ്ടു പഞ്ചായത്തുകളും വിനിയോഗസാക്ഷ്യപത്രവും, നിർമ്മാണപുരോഗതിയും അറിയിച്ചിട്ടില്ല. ഇതുസംബന്ധമായി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം.9/04.01.2020). ആകയാൽ പ്രസ്തുത അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിനാവശ്യമായ സത്വരനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 1-14 "ക്യാൻസർ വിമുക്ത ചെങ്ങന്നൂർ"- ഭക്ഷണചെലവ് പദ്ധതി തുകയുടെ സിംഹഭാഗവും അപഹരിച്ചു

2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഏകദിന മെഡിക്കൽ പദ്ധതിയായിരുന്നു "ക്യാൻസർ വിമുക്ത ചെങ്ങന്നൂർ". പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/2018-19 |
| പ്രോജക്ടിന്റെ പേര് | ക്യാൻസർ വിമുക്ത ചെങ്ങന്നൂർ |
| വികസനഫണ്ട് (ജനറൽ) | 2,00000 (ബിൽ നമ്പർ.3/2018 തീ.01.09.18) |
| തനത് ഫണ്ട്(ജി.പി.എഫ്) | 50,000 (ബിൽ നമ്പർ.10 /2018 തീ.24.07.18) |
| ചെലവ് | 2,50,000 |

പ്രസ്തുത പദ്ധതി നടത്തിപ്പിന് വേണ്ടി വിവിധ ഇനങ്ങളിലായി ചെലവഴിച്ച തുകകളുടെ ചെലവ് വിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | പന്തൽ, സ്റ്റേജ്, മേശ, കസേര | 14,000 | വികസനഫണ്ട് |
| 2 | സ്റ്റേഷനറി ചാർജ്ജുകൾ | 10,520 | വികസനഫണ്ട് |
| 3 | നോട്ടീസ് പ്രിന്റിംഗ് | 24,000 | വികസനഫണ്ട് |
| 4 | അനൗൺസ്മെന്റ് | 9,000 | വികസനഫണ്ട് |
| 5 | ബാനർ പ്രിന്റിങ്ങ് | 2,800 | വികസനഫണ്ട് |
| 6 | റിഫ്രഷ്മെന്റ് ചാർജ്ജുകൾ | 63,459 | വികസനഫണ്ട്+ തനത്ഫണ്ട്(5000) |
| 7 | മരുന്നുകളുടെ വില | 10,000 | വികസനഫണ്ട് |
| 8 | ഡോക്ടർമാർക്കുള്ള ഹോണറേറിയം | 22,000 | വികസനഫണ്ട് |
| 9 | ആർ.സി.സി.ഡോക്ടർമാർക്കുള്ള ഹോണറേറിയം | 45000 | തനത് ഫണ്ട് |
| 10 | മാമോഗ്രാം ടെസ്റ്റിന്റെ ചെലവ് | 15750 | വികസനഫണ്ട് |
| 11 | തൈറോയിഡ് ടെസ്റ്റ് | 27411 | വികസനഫണ്ട് |
| 12 | ക്ലീനിങ്ങ് ചാർജ്ജ് | 4500 | വികസനഫണ്ട് |
| 13 | സെക്യൂരിറ്റി ചാർജ്ജ് | 1000 | വികസനഫണ്ട് |
| 14 | മറ്റു ചെലവുകൾ | 560 | വികസനഫണ്ട് |

പദ്ധതി പ്രവർത്തനത്തിന്റെ രേഖകളുടെ പരിശോധയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013/എസ്.പി.ഡി. തീയതി, 21.06.2013 പ്രകാരം സാധന/സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6) മുതൽ (7.31) വരെ പ്രകാരം ക്വട്ടേഷൻ/ 'ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നോട്ടീസ് പ്രിന്റ് ചെയ്ത് വകയിൽ 24,000/- രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ ഇതിനായി ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവനസമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നത് അംഗീകരിക്കാനാവില്ല.

2018 ജൂലായ് 29 ഞായർ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ മാത്രമുള്ള ഏകദിന ക്യാമ്പാണ് സംഘടിപ്പിച്ചത്. 4 മണിക്കൂർ മാത്രം സമയ ദൈർഘ്യമുള്ള ക്യാമ്പിനായി 63,459/- രൂപയാണ് ഭക്ഷണത്തിനുവേണ്ടി ചെലവഴിച്ചത്. പദ്ധതിയിൽ വകയിരുത്തിയ തുകയുടെ 26 ശതമാനം ഭക്ഷണത്തിനായി ചെലവഴിക്കുകയുണ്ടായി. എന്നാൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചത് കേവലം 10000 (പതിനായിരം) രൂപ മാത്രമാണ്. ഇത് ക്യാമ്പിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലാണ്.

തിരുവനന്തപുരം റീജിനൽ ക്യാൻസർ സെന്ററിനെ പ്രതിനിധീകരിച്ച് 6 പേർ അടങ്ങുന്ന സംഘമാണ് ക്യാമ്പിനായി എത്തിയത്. എന്നാൽ 23 പേർക്ക് ഫുഡ് & അക്കോമഡേഷൻ സജ്ജമാക്കുകയും ആയതിനായി 16,445/- രൂപ ചെലവഴിച്ചു. ഓവൻ ഫ്രഷ് ബേക്കേഴ്സ്, കാറ്ററേഴ്സ് & ഇവന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിനാണ് വൌച്ചർ നമ്പർ 8 പ്രകാരം പ്രസ്തുത ചെലവിനത്തിലുള്ള തുക നല്കിയത്. കേവലം ഒരു ദിവസത്തെ ക്യാമ്പിനായി ഇത്രയും ആൾക്കാർക്ക് ഭക്ഷണവും താമസ സൗകര്യവും ഒരുക്കിയതായി കാണിച്ച് തുക പിൻവലിച്ചതിന്റെ മാനദണ്ഡം ബോധ്യപ്പെടുത്തേണ്ടതാണ്.

ക്യാമ്പ് ആവശ്യത്തിന് മുൻകൂറായി തനത് ഫണ്ടിൽ നിന്നും നൽകിയ 50,000/- രൂപയിൽ നിന്ന് 5040 (5000/- രൂപയിൽ നിജപ്പെടുത്തി) രൂപ ഭക്ഷണ ചെലവിനായി ഉപയോഗിക്കുകയുണ്ടായി. ഐശ്വര്യ ഫുഡ്സ്, വൻമഴി, പാണ്ടനാട് എന്ന സ്ഥാപനത്തിന്റെ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി 26.07.2018 ആണ്. ക്യാമ്പ് സംഘടിപ്പിച്ചതാകട്ടെ 29.07.2018 ലും. ഈ ചെലവിനെ ക്യാമ്പുമായി ഏത് തരത്തിലാണ് ബന്ധപ്പെടുത്താനാവുക എന്നത് സമസ്യയായി നിലകൊള്ളുന്നു. ഇത്തരത്തിൽ ഒരു മെഡിക്കൽ ക്യാമ്പിന് ഇണങ്ങാത്ത തരത്തിലുള്ള ചെലവുകൾ നടത്തിയത് ഉചിതമായ നടപടി ആണെന്ന് വസ്തുതയായി കരുതുക സാധ്യമായ കാര്യമല്ല. ക്യാമ്പിന്റെ ആവശ്യകതയുടെ പ്രാധാന്യത്തിന് ഒരു തരത്തിലും നീതികരിക്കാത്ത ചെലവുകൾ ആണ് നടത്തിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് ഉചിതമായി പരിഹരിക്കപ്പെടുന്നതുവരെ ചെലവഴിച്ച 2,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 "വിഷാദ മുക്ത ചെങ്ങന്നൂർ"-പദ്ധതി പ്രവർത്തനങ്ങളുടെ രേഖകൾ അപൂർണ്ണം

2018-19 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന "വിഷാദ മുക്ത ചെങ്ങന്നൂർ". പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 15/2018-19 |
| പ്രോജക്ടിന്റെ പേര് | വിഷാദമുക്ത ചെങ്ങന്നൂർ |
| വികസനഫണ്ട് (ജനറൽ) | 2,40,000 |
| ചെലവ് | 131600 |

മാനസികസമ്മർദ്ദം വ്യക്തികളെ വിഷാദരോഗത്തിലേക്കും അതുവഴി ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ഈ കാലഘട്ടത്തിൽ മാനസിക ആരോഗ്യം ആർജ്ജിക്കാനും മാനസിക സമ്മർദ്ദത്തെ അതിജീവിക്കാനും കൗൺസിലിംഗ്, ക്ലാസ്സുകൾ എന്നിവയിലൂടെ പരിശീലനം നേടിയെടുക്കുക എന്ന വളരെയധികം കാലികപ്രസക്തിയുള്ള പദ്ധതിയാണ് നിർവ്വഹണത്തിനായി തെരെഞ്ഞെടുത്തത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരെഞ്ഞടുക്കപ്പെട്ട സൈക്യാട്രിക് സോഷ്യൽ വർക്കറുമായി സ്ഥാപനം എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. സൈക്യാട്രിക് സോഷ്യൽ വർക്കറുടെ പേരിൽ വാങ്ങിയ മുദ്രപ്പത്രത്തിൽ യാതൊരുവിധ രേഖപ്പെടുത്തലുകൾ നടത്താതെ ഫയലിൽ സൂക്ഷിക്കുകയാണുണ്ടായത്.

2. സൈക്യാട്രിക് സോഷ്യൽ വർക്കർ നയിക്കുന്ന ഓരോ ക്ലാസ്സുകൾക്കും ഒരു നിശ്ചിത തുക നിശ്ചയിക്കാതെ, പ്രതിമാസം വേതന നിരക്കിൽ പ്രതിഫലം നിശ്ചയിച്ച് (പ്രതിമാസം 28000/- രൂപ) ഏർപ്പെടുത്തിയതിന്റെ മാനദണ്ഡം ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3. സൈക്യാട്രിക് സോഷ്യൽ വർക്കർ 2018 ഒക്ടോബർ മാസം പത്താം തീയതി പദ്ധതിപ്രവർത്തനത്തിനായി ജോലിയിൽ പ്രവേശിച്ചു. ഒക്ടോബർ മാസം സ്കൂൾ തലത്തിൽ ഒരു ബോധവൽകരണ ക്ലാസ്സ് മാത്രമേ (23.10.18) സംഘടിപ്പിച്ചിട്ടുള്ളു. എന്നാൽ ടിയാൾക്ക് ഒക്ടോബർ മാസത്തിലെ ഇരുപത് ദിവസത്തെ (20) വേതനം നല്കുകയുണ്ടായി. നവംബർമാസം 17 ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിച്ചതായും, ഡിസംബർ മാസം 6 ക്ലാസ്സുകൾ സംഘടിപ്പിച്ചതായുള്ള ഉള്ള ഫോട്ടോഗ്രാഫുകൾ ഉൾപ്പടെയുള്ള സ്റ്റേറ്റ്മെന്റുകൾ മാത്രമേ ഫയലിൽ ലഭ്യമാക്കിയുള്ളു. പ്രസ്തുത മാസങ്ങളിലെ എല്ലാ ദിവസങ്ങളിലും ക്ലാസ്സുകൾ സംഘടിപ്പിച്ചതായി കണക്കാക്കി സൈക്യാട്രിക് സോഷ്യൽ വർക്കർക്ക് ടി മാസങ്ങളിൽ 28000/-രൂപ നിരക്കിൽ വേതനം നൽകി. രേഖകൾ ഇല്ലാതെ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചതിന് മാസശമ്പളം (28000x2) നൽകിയത് അംഗീകരിക്കാനാവില്ല. ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കാതെയാണ് ടിയാൾക്ക് പദ്ധതിപ്പണം നൽകിയത്. ഇതിനെസംബന്ധിച്ച് വിശദീകരണം നല്കാനുണ്ടെങ്കിൽ ആയത് അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 7/03.01.2020) നല്കിയിരുന്നെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കാൻ അധികൃതർക്ക് സാധിച്ചില്ല.

| ബിൽ ബുക്ക് നമ്പർ | തീയതി | തുക |
|---|---|---|
| സി.ബി നമ്പർ.4/18 | 30.10.18 | 19600 |
| സി.ബി നമ്പർ.13/18 | 13.12.18 | 28000 |
| സി.ബി നമ്പർ.15/19 | 07.01.19 | 28000 |
| സി.ബി നമ്പർ.17/19 | 29.01.19 | 28000 |
| സി.ബി നമ്പർ. 20/19 | 11.03.19 | 28000 |
| ആകെ | | 131600 |

നവംബർ മാസം 18 ഉം, ഡിസംബർ 6 ദിവസങ്ങളും ഒഴികെ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പൂർണ്ണമായും ജോലി ചെയ്യതായി രേഖകൾ ഹാജരാക്കാതെ ക്ലാസ്സുകൾ സംഘടിപ്പിച്ചതായി കണക്കാക്കി മാസശമ്പള നിരക്കിൽ തുക നൽകിയത് അംഗീകരിക്കാനാവില്ല. ഇതെല്ലാം പുറമെ "വിഷാദമുക്ത ചെങ്ങന്നൂർ" എന്ന പദ്ധതിയുടെ നടത്തിപ്പുമായി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നതും വളരെയേറെ ഊന്നൽ കൊടുക്കേണ്ട അപാകങ്ങളിൽ ഒന്നാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകങ്ങൾ പരിഹരിക്കുന്നതുവരെ ചെലവഴിച്ച 131600/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-16 "പഠനമുറി" നിർമ്മാണം പാതിവഴിയിൽ

2018-19 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 09/2018-19 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| വികസനഫണ്ട് (എസ്.സി.പി) | 36,00000 |
| ചെലവ് | 32,60000 (രജിസ്റ്റർ പ്രകാരം) |

"പട്ടികജാതി വിദ്യർത്ഥികൾക്കുള്ള പഠനമുറി" എന്ന പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് നടപ്പിലാക്കാം എന്ന് പദ്ധതി മാർഗ്ഗരേഖയിൽ (ജി.ഒ. (എം.എസ്) നം. 22/2018 തസ്വഭവ തീയതി 14.02.2018) വ്യക്തമാക്കിയിട്ടുണ്ട്. ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ആയതിനാൽ അവർ താമസിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതം നൽകിയിട്ടില്ല എന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷക്കൊപ്പം സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, വിലാസം | അപേക്ഷകന്റെ/അപേക്ഷകയുടെ ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | പ്രിൻസി.പി,<br>വലിയതറ കിഴക്കതിൽ,<br>ചാങ്ങവല. | വെൺമണി |
| 2 | നദിക.എൻ.എസ്<br>നദിക വിഹാർ, നടുവിലയിൽ | പാണ്ടനാട് |
| 3 | നന്ദിനി<br>ബിജു ഭവനം<br>(കുന്നിത്തറയിൽ) | പാണ്ടനാട് |
| 4 | അദ്വൈത്. വി.ആർ<br>വലിയ വീട്ടിൽ | പുലിയൂർ |

ആകെയുള്ള 18 ഗുണഭോക്താക്കളിൽ 7 പേർ മാത്രമാണ് പഠനമുറി പദ്ധതിയുടെ നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കിയുള്ള ഗുണഭോക്താക്കൾ വിഹിതത്തിന്റെ രണ്ടും, മൂന്നും ഗഡുക്കൾ തുകകൾ കൈപ്പറ്റിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള രണ്ടുലക്ഷം (2ലക്ഷം) രൂപയിൽ 50000 രൂപ മുൻകൂറായി നല്കാവുന്നതാണ് എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥയുണ്ട്. മുൻകൂർ നല്കിയിട്ടും നാളിതുവരെ താഴെസൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. ഇവരുടെ നിർമ്മാണം ഏത് ഘട്ടത്തിൽ എത്തി നിൽകുകയാണ് എന്നതിനെ സംബന്ധിച്ച യാതൊരു രേഖകളും ഫയലിലോ, റജിസ്റ്ററിലോ ലഭ്യമല്ല. അഡ്വാൻസ് തുക കൈപ്പറ്റിയവരുടെ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്താതെ പിന്നീടുള്ള ഗഡുക്കൾ നല്കിയത് നിർവ്വഹണത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. പിന്നീടുള്ള തുകകൾ നൽകുമ്പോൾ നിർമ്മാണത്തെ സംബന്ധിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കാതെയാണ് പിന്നീടുള്ള തുകകൾ കൈമാറിയത്.

തുക കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര്, വിലാസം | അപേക്ഷകരുടെ ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ആര്യമോൾ. പി.എം<br>മണ്ണാറത്തറ, വൻമഴി | പാണ്ടനാട് | 1,80,000 |
| | | | |

| | | | |
|---|---|---|---|
| 2 | ആവണി.എ.എസ്<br>മാഴേലിത്തറയിൽ,<br>ഉമയാറ്റുകര | തിരുവൻവണ്ടൂർ | 1,80,000 |
| 3 | അക്ഷ മുരളി<br>ഇടയില പുരയിൽ, കൊല്ലകടവ് | ചെറിയനാട് | 1,80,000 |
| 4 | സാന്ദ്രാ.റ്റി.എസ്<br>തെങ്ങുംതറയിൽ, സാന്ദ്രാലയം, മാമ്പ്ര | ചെറിയനാട് | 1,80,000 |
| 5 | അദ്വൈത്. വി.ആർ<br>വലിയ വീട്ടിൽ | പുലിയൂർ | 1,80,000 |
| 6 | വൈഷ്ണമി വിജയൻ<br>പൊയ്കയിൽ, കിണറ്റുകര | വെൺമണി | 1,80,000 |
| 7 | സാന്ദ്രാ സന്തോഷ്<br>പ്ലാമൂട്ടിൽ | പുലിയൂർ | 1,30,000 |
| 8 | അമൽ വിജയ്<br>ഇരുത്തിക്കാട്ടിൽ | പാണ്ടനാട് | 1,80,000 |
| 9 | നന്ദിനി.ബി<br>ബിജുഭവനം(കുന്നിത്തറയിൽ) | പാണ്ടനാട് | 1,80,000 |
| 10 | സാനിയ.എസ്<br>കുറുമുളത്തിൽ | പാണ്ടനാട് | 1,80,000 |
| 11 | നദിക.എൻ.എസ്<br>നദിക വിഹാർ, നടുവിലയിൽ | പാണ്ടനാട് | 1,80,000 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകുന്നതുവരെ ചെലവഴിച്ച 19,30,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 അർഹതാ രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താവിനെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി-കൈപ്പററിയ തുക തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 07/2018-19 |
| പ്രോജക്ടിന്റെ പേര് | സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് |
| വികസനഫണ്ട് | 22,98,807 |

| | |
|---|---|
| (എസ്.സി.പി) | |
| ആകെ ചെലവ് | 22,95,000 |

പ്രസ്തുത പദ്ധതിക്ക് വേണ്ടി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളിൽ സുധി.കെ.സജി, പ്ലാവേലിൽ ഹൗസ്, കല്ലിശ്ശേരി പി.ഒ., ഉമയാറ്റുകര എന്ന ബി.ടെക് വിദ്യാർത്ഥിയുടെ അപേക്ഷയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പദ്ധതി വിഹിതമായ 25000/- രൂപ ബിൽ നമ്പർ 03/18-19 തീയതി 18.03.2019 പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. (ബിൽ നമ്പർ. 31/18-19 തീയതി 20.03.19). അപേക്ഷയോടൊപ്പം ടിയാൾ വസിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും വിദ്യഭ്യാസ സ്കോളർഷിപ്പിനുള്ള ആനുകൂല്യം സ്വീകരിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്താതെയാണ് അപേക്ഷ ഹാജരാക്കിയത്.

അപേക്ഷകൻ ഹാജരാക്കിയ റേഷൻ കാർഡിൽ ((15.03.2017ൽ പൊതുവിതരണ വകുപ്പ് പുറത്തിറക്കിയത്) ടിയാൾ കാർത്തികപ്പള്ളി താലൂക്കിലെ കരുവാറ്റ പഞ്ചായത്തിലെ താമസക്കാരനാണെന്ന് വ്യക്തമാക്കുന്നു. ഗുണഭോക്താവ് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള നിവാസി ആകണമെന്നുള്ള മാനദണ്ഡം പാലിക്കപ്പെട്ടില്ല. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അല്ലാതെയുള്ള ഗുണഭോക്തൃ നിർണ്ണയം അംഗീകരിക്കാവുന്നതല്ല. ചെലവ് തുകയായ 25000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 നടപടിക്രമങ്ങൾ പാലിച്ച് കൈപ്പറ്റിയ മുൻകൂറുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ/തീയതി 4-10-2011 ൽ വ്യവസ്ഥ ചെയ്യുന്നു.

ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ റവന്യൂറിക്കവറിയിലൂടെയോ ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. ഹാജരാക്കിയ വൗച്ചർ പരിശോധന പ്രകാരം മുൻകൂർ കൈപ്പറ്റി നാളിതുവരെ ക്രമീകരിച്ചതിന്റെ രേഖകൾ വൗച്ചറിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ലാത്തവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | ചെക്ക് നമ്പർ | കൈപ്പറ്റിയ ജീവനക്കാരൻ | വൗച്ചർ നമ്പർ |
|---|---|---|---|---|
| വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് | 20,000 | 0500232/ 28.08.18 | ക്യാമ്പ് ചാർജ്ജ് ഓഫീസർ | 63/ 2018-19 |

ഇത് സംബന്ധമായി അഡ്വാൻസ് രജിസ്റ്റർ സ്ഥാപനം എഴുതി സൂക്ഷിക്കുന്നില്ല എന്നാണ് പ്രാഥമിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി നാളിതുവരെ സ്വീകരിക്കാത്തതിന് മറുപടി നൽകേണ്ടതാണ്. മുൻകൂർ തുക ക്രമീകരിച്ച് ആയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവഴിച്ച 20,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 ക്വട്ടേഷൻ/'ടെൻഡർ നടപടി പാലിക്കാതെ വാങ്ങലുകൾ നടത്തിയത് -തുക 65,800 തടസ്സപ്പെടുത്തുന്നു

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013/എസ്.പി.ഡി. തീയതി, 21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15000/-

രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6) മുതൽ (7.31) വരെ പ്രകാരം ക്വട്ടേഷൻ/'ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കമ്പ്യൂട്ടറുകൾ വാങ്ങിയ വകയിൽ 65800/- രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ ഇതിനായി ടെൻഡർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ താഴെ സൂചിപ്പിക്കുന്ന സാധനസമാഹരണങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

| ക്രമനമ്പർ | ഇനം | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 1 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ-1 | 32,000 | വൗച്ചർ നമ്പർ 70/2018-19 (ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) |
| 2 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ-1<br>വിഗാർഡ് U.P.S-1 | 33800 | 1177546/ 05.11.18 |
| **ആകെ** | | **65800** | |

ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം ലഭിക്കുന്നത് വരെ ചെലവഴിച്ച തുകയായ 65,800/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-20 ഐ.എ.വൈ അക്കൗണ്ടിൽ കോടികളുടെ നീക്കിയിരിപ്പ്

ഐ.എ.വൈ പദ്ധതി അക്കൗണ്ടിൽ 2018-19 കാലയളവിൽ മൂന്ന് കോടിയിൽപ്പരം രൂപ നീക്കിയിരിപ്പുണ്ട്. വരവ് ചെലവ് നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 51860545 |
| വരവ് | 3400000 |
| പലിശ വരവ് | 1634720 |
| മറ്റു വരവ് | 172027 |
| ഐ.എ.വൈയുടെ ചെലവ് (ലൈഫ് പദ്ധതി) | 2511786 |
| പി.എം.എ.വൈയുടെ ചെലവ് | 19867039 |
| നീക്കിയിരിപ്പ് | 34688467 |

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധ പ്രോജക്ടുകൾക്കായി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

# 1-21 രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി 2018-19 വർഷം നിക്ഷേപിച്ച ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

1. പ്രോജക്ട് നം./പേര് - 36/19 – ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള പദ്ധതി – ഗാർഹിക കണക്ഷൻ നൽകൽ

| അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|
| 1000000 (വി.ഫ) | 1000000 | 19/16.11.18 |
| 2000000 (ജില്ലാ പഞ്ചായത്ത്) | | |
| | | |

| | | |
|---|---|---|
| 250000 (മറ്റുള്ളവ) | | |
| **ആകെ 3250000** | | |

(i) ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ 3-ാം വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ നടത്തി വാട്ടർ കണക്ഷൻ നല്കുക എന്നതാണ് പദ്ധതി ലക്ഷ്യം. കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KWA/PHA/D4/4341 /2018 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തുക 11/2018 ൽ അക്കൗണ്ട് ട്രാൻസ്ഫറായി നല്കി. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം അറിയിച്ചിട്ടില്ല.

(ii) ബ്ലോക്ക് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം മുഴുവൻ തുകയും കൈപ്പറ്റി ആറു മാസത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ വാട്ടർ അതോറിറ്റി നൽകേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

2. <u>പ്രോജക്ട് നം./പേര് . 37/19-കരിമ്പിൻ മുറ്റം കുടിവെള്ള പദ്ധതി, ആല, വാർഡ് 11</u>

| അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|
| 1000000 (വി.ഫ) | 1000000 (വി.ഫ) | 17/29.10.18 |
| 5000(മറ്റുള്ളവ) | | |
| ആകെ - 1050000 | | |

(i) 31.10.2018 ൽ പ്രവൃത്തിയ്ക്കായി ജില്ലാ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം അറിയിച്ചിട്ടില്ല.

(ii) ബ്ലോക്ക് പഞ്ചായത്തും ഭൂജല വകുപ്പുമായി പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടില്ല.

(iii) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

വിനിയോഗ സാക്ഷ്യപത്രവും അനുബന്ധ രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 5 /30.12.19 ന് മറുപടി ഹാജരാക്കിയിട്ടില്ലാത്തതിനാൽ 20,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-22 ഹയർസെക്കന്ററി രണ്ടാം വർഷ പഠിതാക്കളുടെ ഫീസ് അടയ്ക്കൽ - പഠന സംബന്ധമായ രേഖകൾ ഹാജരാക്കിയില്ല

| അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|
| 48750(വി.ഫ) | 48750 | 28.02.19 |

സെക്രട്ടറി നടപ്പാക്കിയ ഹയർസെക്കന്ററി രണ്ടാം വർഷ പഠിതാക്കളുടെ ഫീസ് അടയ്ക്കൽ (പ്രോജക്ട് നം.88/19 എന്ന പദ്ധതിയ്ക്കായി 25 പഠിതാക്കൾക്ക് 1950 നിരക്കിൽ 48750/- രൂപ സംസ്ഥാന സാക്ഷരതാ മിഷനിൽ അടച്ച് കൈപ്പറ്റ് രസീത് വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പഠിതാക്കളുടെ രജിസ്ട്രേഷൻ, ഹാജർ, പരീക്ഷാ ഹാൾടിക്കറ്റ് തുടങ്ങി പഠന സംബന്ധമായ രേഖകൾ ഫയലിൽ ഇല്ല.

മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 5/30.12.19 ന് മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 48750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

## 1-23 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പാക്കിയ പദ്ധതികളാണ് നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിക്കും വനിതകൾക്ക് ജൈവ പച്ചക്കറി കൃഷിയ്ക്കും ബ്ലോക്ക് വിഹിതം നല്കുക എന്നത്. എന്നാൽ ഈ രണ്ടു പദ്ധതികളിലും തുക കൈപ്പറ്റിയ പഞ്ചായത്തുകളിൽ നിന്നോ കൃഷി ഭവനിൽ നിന്നോ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുവാൻ അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ഏതെങ്കിലും നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 27/19 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ബ്ലോക്ക് വിഹിതം

അടങ്കൽ – 1780000 (വി.ഫ)

ചെലവ് - 1741600

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 7 പഞ്ചായത്തുകളിലെ നെൽ കർഷകർക്ക് നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി നല്കുന്നതിനായി പട്ടികയിൽ ചേർക്കും പ്രകാരം തുക പിൻവലിച്ച് നല്കിയിട്ടുണ്ട്.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | പിൻവലിച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | ബുധനൂർ | 300000 | 5/22.01.19 |
| | | 100000 | 11/26.02.19 |
| 2 | തിരുവൻവണ്ടൂർ | 200400 | 8/25.01.19 |
| | | 49600 | 12/26.02.19 |
| 3 | ചെറിയനാട് | 100000 | 14/19.03.19 |
| | | 62000 | 15/19.03.19 |
| 4 | വെണ്മണി | 200000 | 3/19.03.18 |
| 5 | പുലിയൂർ | 250000 | 6/23.01.19 |
| | | 50000 | 12/26.02.19 |
| 6 | പാണ്ടനാട് | 249600 | 7/25.01.19 |
| 7 | മുളക്കുഴ | 180000 | 3/19.12.18 |
| | ആകെ | 1741600 | |

2. പ്രോജക്ട് നം. 46/19 വനിതകൾക്ക് ജൈവ പച്ചക്കറി കൃഷിയ്ക്ക് ബ്ലോക്ക് വിഹിതം

അടങ്കൽ – 400000 (വി.ഫ)

ചെലവ് - 382290

വനിതകൾക്ക് ജൈവ പച്ചക്കറി കൃഷിയ്ക്ക് സബ്സിഡി നല്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മൂന്ന് പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | പിൻവലിച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | തിരുവൻവണ്ടൂർ | 30000 | 9/25.01.19 |
| 2 | ചെറിയനാട് | 52290 | 13/19.03.19 |
| 3 | വെണ്മണി | 300000 | 10/04.02.19 |
| | | | |

| | ആകെ | 382290 | |
|---|---|---|---|

പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും മേൽപ്പറഞ്ഞ രേഖകൾ വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.2/28.12.19 നല്കിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ആകെ ചെലവു തുകയായ 2123890/-രൂപ (1741600+382290) തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കൊയ്ത്തു മെതിയന്ത്രം - ഉപയോഗക്രമത്തിൽ സുതാര്യതയില്ല - സമഗ്ര അന്വേഷണം ശുപാർശ ചെയ്യുന്നു

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ള കൊയ്ത്ത് മെതി യന്ത്രം വാടകയ്ക്ക് നല്കുന്നതിലും, അതിന്റെ 2018-19 കാലയളിലെയും തുടർന്ന് ഓഡിറ്റ് സമയവും (12/2019-01/2020) വരെയുള്ള വരവു ചെലവുകളുടെ അക്കൗണ്ടിംഗിലും ചുവടെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തി.

**വരവു ഭാഗം**

1. **വരവ് തുക ബാങ്കിൽ അടയ്ക്കുന്നതിൽ വീഴ്ച**

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) കസ്റ്റോഡിയനായ രസീത് ബുക്ക് മുഖേനയാണ് കൊയ്ത്ത് മെതി യന്ത്രത്തിന്റെ വാടക സ്വീകരിക്കുന്നത്. രസീത് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 29.11.2018 നും 06.03.2019 നും ഇടയിൽ ഉപയോഗിച്ച 35 മുതൽ 44 വരെയുള്ള രസീതുകൾ പ്രകാരം 50,000/- രൂപ വരവുണ്ടെങ്കിലും 45,000/- രൂപ മാത്രമേ 06.03.2019 തീയതിയിൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചെങ്ങന്നൂർ ശാഖയിലെ അക്കൗണ്ടിൽ എ.ഡി.എ ഓഫീസിലെ ക്ലർക്ക് ശ്രീ.അനിൽ കുമാർ അടച്ചതായി കാണുന്നുള്ളൂ. തുടർന്നും ബാക്കി 5000/- രൂപ അടച്ചതായി കാണുന്നില്ല.

2. **തീയതി ഇടാതെ രസീതുകൾ എഴുതുന്നു**

ചുവടെ ചേർക്കുന്ന രസീതുകൾക്ക് തീയതി എഴുതിയിട്ടില്ല. ഈ വരവുകൾ എന്നാണ് എ.ഡി.എ ഓഫീസിൽ വന്നതെന്നതിൽ വ്യക്തതയില്ല.

| രസീത് നമ്പർ | തുക അടച്ച ആൾ | തുക |
|---|---|---|
| 35 | പച്ചിലവേലിൽ പാടശേഖര സമിതി | 5000 |
| 36 | ഉമയാറ്റുകര പാടശേഖര സമിതി | 5000 |
| | | |

| | | |
|---|---|---|
| 37 | കിളിയന്തറ പാടശേഖര സമിതി | 5000 |
| 38 | ഉഴാട് പാടശേഖരം | 5000 |

3. **<u>രസീത് ബുക്ക് പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച</u>**

ബുക്ക് നമ്പർ 1340 രസീത് നമ്പർ 27 മുതൽ 50 വരെയുള്ളവയാണ് 2018-19 കാലയളവിലും തുടർന്നും ഉപയോഗിച്ചിരിക്കുന്നത്. ഈ രസീത് ബുക്ക് വളരെ അലക്ഷ്യമായാണ് പരിപാലിക്കുന്നത്. ഇക്കാലളവിൽ ഉപയോഗിച്ച മിക്ക രസീതുകളുടെയും അപേക്ഷകർക്ക് നല്കേണ്ട ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ തന്നെ നിലനിർത്തിയിരിക്കുന്നു. അപേക്ഷകർക്ക് ഇത് നല്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ രസീത് നമ്പർ 41 പ്രകാരം മംഗലം വടക്ക് പാടശേഖരം അടച്ച 5000/- രൂപയുടെ ഒറിജിനൽ രസീത്, രസീത് ബുക്കിൽ ഇല്ല. പകരം ഡ്യൂപ്ലിക്കേറ്റ് രസീത് മാത്രമാണുള്ളത്.

4. **<u>ക്രമ വിരുദ്ധമായി രസീതുകൾ ക്യാൻസൽ ചെയ്യുന്നു</u>**

രസീത് നമ്പർ 47, 48 എന്നിവ ക്യാൻസൽ ചെയ്തതായാണ് രസീതു ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് കസ്റ്റോഡിയനായ എ.ഡി.എ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ ക്യാൻസൽ ചെയ്ത രസീത് നമ്പർ 47 ൽ കാരിക്കോണം പാടശേഖരം അടച്ചതായി രേഖപ്പെടുത്തിയ 4875/- രൂപ 02.12.2019 തീയതിയിൽ ബാങ്കിൽ വരവു വന്നിട്ടുണ്ട്. ഇത് എപ്രകാരമെന്നതിൽ വ്യക്തതയില്ല. ക്യാൻസൽ ചെയ്ത ഈ രസീതിന്റെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടില്ല.

5. **<u>രസീത് എഴുതാത്ത തുകകൾ ബാങ്കിൽ അടച്ചു</u>**

വിവിധ പാടശേഖരങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ അവർ 5000/- രൂപ അഡ്വാൻസ് എ.ഡി.എ. ഓഫീസിൽ അടച്ചു എന്ന് എഴുതിയിട്ടുണ്ടെങ്കിലും ഇവ വരവായി രസീതു ബുക്കിൽ വന്നതായി കാണുന്നില്ല. കൂടാതെ ചുവടെ പട്ടികയിൽ ചേർക്കുന്ന തുകകൾ ബാങ്കിൽ വരവു വന്നിട്ടുണ്ടെങ്കിലും, ആയതിന് രസീത് എഴുതിയിട്ടില്ല.

| ബാങ്കിൽ വരവ് തീയതി | വരവ് തുക | തുക അടച്ച പാടശേഖരത്തിന്റെ പേര് | കുറിപ്പ് |
|---|---|---|---|
| 22.10.19 | 16500 | പടനിലം പാടശേഖരം | |
| 21.11.19 | 6025 | പടനിലം പാടശേഖരം | |
| 02.12.19 | 848 | പനക്കീഴ് പാടം | |
| 02.12.19 | 26692 | മുണ്ടകപ്പാടം | |
| 02.12.19 | 13750 | കണ്ണാടി മുണ്ടോടി പാടം | |
| 02.12.19 | 4875 | കാരിക്കോണം പാടം | ക്യാൻസൽ ചെയ്ത രസീത് നം. 47 പ്രകാരമുള്ളത് |
| ആകെ | 68690 | | |

രസീതിന്റെ അഭാവത്തിൽ എത്ര രൂപ പാടശേഖരങ്ങൾ എ.ഡി.എ ഓഫീസ് മുഖേന ബാങ്കിൽ അടച്ചു എന്നതിൽ വ്യക്തത ഇല്ല.

6. **<u>കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>**

പ്രതി ദിന വരവുകൾ രസീതിൽ എഴുതുന്നതിനൊപ്പം തന്നെ കളക്ഷൻ രജിസ്റ്ററിലും രേഖപ്പെടുത്തി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ. കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലെന്നത് ഗുരുതരമായ വീഴ്ചയും മേൽ പ്രതിപാദിച്ച രീതിയിലുള്ള അപാകതകൾക്ക് വഴിയൊരുക്കുന്നതുമാണ്. കൂടാതെ പ്രതിദിനം ക്യാഷ് ബുക്ക് എഴുതുന്നുമില്ല.

7. **<u>പാടശേഖരങ്ങൾ ഏൽപ്പിക്കുന്ന തുകയിൽ ചെലവു കഴിച്ചുള്ളവ മാത്രം ബാങ്കിൽ അടയ്ക്കുന്നു</u>**

കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിക്കുന്ന ഓരോ മണിക്കൂറിനും 750/- രൂപയാണ് പാടശേഖരങ്ങളിൽ നിന്നും ഈടാക്കുന്നത്. പാടശേഖരങ്ങൾ അടച്ച തുകയെപ്പറ്റി ചെലവു വൗച്ചറുകൾക്കൊപ്പം ഏതാനും സ്റ്റേറ്റ്മെന്റ് ഇട്ടിട്ടുണ്ടെങ്കിലും ആ തുക ഏത് തീയതിയിലാണ് എ.ഡി.എ ഓഫീസിൽ ഏൽപ്പിച്ചതെന്നതിൽ വ്യക്തതയില്ല. ആ വരവുകൾക്കൊന്നും രസീത് എഴുതിയിട്ടുമില്ല. പ്രസ്തുത സ്റ്റേറ്റ്മെന്റിൽ വരവിൽ നിന്നും കൊയ്ത്തു മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണിയ്ക്ക് വിനിയോഗിച്ച തുകയുടെ ബാക്കിയാണ് ബാങ്കിൽ അടച്ചതെന്നാണ് വ്യക്തമാകുന്നത്. എന്നാൽ അറ്റകുറ്റപ്പണി നടത്തിയതിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കുകയോ പൂർണ്ണമായ വിവരം ലോഗ് ബുക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

സ്റ്റേറ്റ്മെന്റ് പ്രകാരം അറ്റകുറ്റപ്പണിയ്ക്കുശേഷം അടച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പാടശേഖരത്തിന്റെ പേര് | കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിച്ച തീയതി | ആകെ മണിക്കൂർ | സ്റ്റേറ്റ് മെന്റിലെ തുക | ലഭിയ്ക്കേണ്ട തുക | ബാങ്കിൽ അടച്ച തുക/തീയതി | യന്ത്രത്തിന്റെ അറ്റകുറ്റ പ്പണിയുടെ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| പനക്കീഴ് പാടശേഖരം | - | 8 | 6000 | 6000 | 848 | 5152 | - |
| കിളിയന്തറ പാടശേഖരം | 16.02.19 - 18.02.19 | 9.1 | 6825 | 6825 | ബാങ്കിൽ അടച്ചില്ല | 866 | 4041 (ആകെ 10000/- രൂപ പാടഖേഖര സമിതി ഏൽപ്പിച്ചുവെങ്കിലും ചെലവുകഴിച്ച് 4041/- രൂപ പാടശേഖര സമിതിയ്ക്ക് തിരികെ നല്കി) ചെലവിന്റെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. |
| മഴക്കീർ | 08.03.19 - 17.03.19 | 46.7 | 35025 | 35025 | 24475/ 20.09.19 | 5550 | 5000 |
| ചാങ്ങപ്പാടം | 20.03.19- 30.03.19 | 58.30 | 43875 | 43725 | 23501/17.04.19 (ബാങ്കിൽ അടച്ച തുകയിൽ 13651/-രൂപ മാത്രമാണ് ചാങ്ങപ്പാട ത്തിന്റേതായി ഉള്ളത്. ഹാജരാക്കിയ രേഖകൾ പ്രകാരം ബാക്കി 9850/- | 25224 | 5000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | രൂപയിൽ വ്യക്തത ഇല്ല) | | |
| പള്ളിപ്പുറം | 25.04.18-04.05.18<br>02.04.19-06.04.19<br>10.04.19-20.04.19<br>03.05.19-09.05.19 | 104.42 | 78525 | 78315 | 62000/26.07.19 | 11525 | 4790 |

8. <u>**കൊയ്ത്തു മെതി യന്ത്രം ഉപയോഗിച്ചതിന് വാടക ലഭിച്ചതായി രേഖയില്ല**</u>

വിവിധ പാടശേഖരങ്ങളിൽ ലോഗ് ബുക്ക് പ്രകാരം കൊയ്ത്തു മെതി യന്ത്രം പ്രവർത്തിച്ച എന്നു പറയുന്ന തീയതികളിൽ വാടക ലഭിച്ചതിന് രേഖയില്ല. ഈ ഇനത്തിൽ രസീത് എഴുതുകയോ, ബാങ്കിൽ തുക അടയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. ഒരു മണിക്കൂറിന് 750/- രൂപ നിരക്കിൽ ആകെ 204.7 മണിക്കൂർ പ്രവർത്തിച്ചതിന് 153525/- രൂപ യന്ത്രവാടകയിനത്തിൽ ലഭിക്കുവാനുണ്ട്.

| പാടശേഖരത്തിന്റെ പേര് | കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിച്ച തീയതി | ആകെ മണിക്കൂർ | ലഭിക്കേണ്ട തുക |
|---|---|---|---|
| 1 | 2 | 3 | 4 |
| കായലോടി | 03.04.18 – 05.04.18 | 18.5 | 13875 |
| | 05.05.18-09.05.18 | 21.7 | 16275 |
| | 19.05.18-21.05.18 | 9.6 | 7200 |
| പടനിലം | 21.04.18- 23.04.18 | 14.7 | 11025 |
| | 10.05.18-15.05.18 | 31.8 | 23850 |
| | 28.04.19-02.05.19 | 10.2 | 7650 |
| | 09.05.19-13.05.19 | 16.6 | 12450 |
| ചെറിയനാട് | 25.01.18-26.01.18 | 9.1 | 6825 |
| | 17.05.19-27.05.19 | 38.4 | 28800 |
| മംഗലം | 04.03.19 | 5 | 3750 |
| ഉമയാറ്റുകര | 17.03.19 | 4.6 | 3450 |
| ചിറ്റാറ്റുവേലി | 18.03.19-19.03.19 | 14 | 10500 |
| ബുധനൂർ പടനിലം | 26.04.19-27.04.19 | 8 | 6000 |
| വലിയകുഴി | 16.05.19 | 2.5 | 1875 |
| ആകെ | | 204.7 | 153525 |

വാടകയിനത്തിൽ ലഭിക്കുവാനുള്ള തുക ഈടാക്കി വിവരമറിയിക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

<u>**ചെലവു ഭാഗം**</u>

1. <u>**ഫയലിൽ ചെലവു രേഖകൾ ഇല്ല**</u>

2018-19 ൽ ബാങ്കിൽ നിന്നും ചെക്ക് നം. 314603/07.12.18 പ്രകാരം പിൻവലിച്ച് ക്യാഷ് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിട്ടുള്ള 75,000/- രൂപയുടെ ചെലവുകളുടെ രേഖകൾ ഫയലിൽ ഇല്ല. തുക തടസ്സപ്പെടുത്തുന്നു.

2. **<u>യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചു</u>**

കൊയ്ത്തു മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾക്കായി പി.വി ബാലഗോപാൽ എന്ന സ്വകാര്യ വ്യക്തിയ്ക്ക് 93649 /- രൂപ (ചെക്ക് നം. 314602/13.08.18) നൽകി. യന്ത്രത്തിന്റെ ലോഗ് ബുക്ക് പ്രകാരം 20.05.2018 ൽ ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ കായലോടി പാടശേഖരത്തിൽ കൊയ്ത്തു വേളയിൽ യന്ത്രം കേടായതിനെ തുടർന്ന് തിരുവല്ല റോക്ക് ഷീൽഡ് ഇൻഡസ്ട്രീസ് എന്ന വർക്ക് ഷോപ്പിലേക്ക് യന്ത്രം അറ്റകുറ്റപ്പണികൾക്കായി മാറ്റി എന്നും ഇതിന്റെ ചെലവു വഹിച്ചതിനായാണ് തുക ടിയാൾക്ക് അനുവദിച്ചതെന്നുമാണ് എ.ഡി.എ യുടെ BC.06/2018/30.07.2018 നമ്പർ നടപടിക്രമത്തിൽ നിന്നും വ്യക്തമാകുന്നത്. ആകെ അനുവദിച്ച 93649/- രൂപയിൽ 54355/- രൂപ റോക്ക് ഷീൽഡ് ഇൻഡസ്ട്രീസ് സമർപ്പിച്ച 287/01.06.2018, 288/01.06.2018 നമ്പർ ക്വട്ടേഷനുകളുടെ മാത്രം അടിസ്ഥാനത്തിലാണ്.

കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളുടെ ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള സർക്കാർ സംവിധാനമായ ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നോ അറ്റകുറ്റപ്പണികൾക്കായി ബ്ലോക്ക് നിയോഗിച്ച മെക്കാനിക്കോ കൊയ്ത്തു മെതിയന്ത്രം പരിശോധിച്ച് അറ്റകുറ്റപ്പണിയുടെ ആവശ്യകത നിർണ്ണയിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് മിനിട്ട്സിൽ അറ്റകുറ്റപ്പണി ബ്ലോക്കിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല.

കൊയ്ത്തു മെതിയന്ത്രത്തിന്റെ അറ്റകുറ്റപ്പണി ബ്ലോക്ക് പഞ്ചായത്തിന്റെ/എ.ഡി.എ യുടെ ഉത്തരവാദിത്തമാണ്. ഇതിനു വിപരീതമായി സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ച നടപടിയും അംഗീകൃത ബില്ലിന്റെ അഭാവത്തിൽ ക്വട്ടേഷന്റെ മാത്രം അടിസ്ഥാനത്തിൽ സ്ഥാപനത്തിന് തുക അനുവദിച്ച നടപടിയും ക്രമപ്രകാരമല്ല. ഇതിനായി ചെലവഴിച്ച 93649/- രൂപ നിരാകരിക്കുന്നു.

3. **<u>ചെലവു രേഖകൾക്ക് പാസ്സ് ഓർഡർ നല്കുകയോ, ബില്ലുകൾ കൗണ്ടർ സൈൻ നടത്തുകയോ ചെയ്യുന്നില്ല</u>**

ചെലവു രേഖകൾക്കൊപ്പം ഹാജരാക്കിയ അറ്റകുറ്റപ്പണിയുടെ ബില്ലുകൾക്ക് കസ്റ്റോഡിയൻ ഓഫീസർ പാസ്സ് ഓർഡർ നല്കുകയോ, ബില്ലുകൾ കൗണ്ടർ സൈൻ നടത്തുകയോ ചെയ്ത് അധികൃതമാക്കുന്നില്ല. ലോഗ് ബുക്ക് പേജ് നമ്പർ 50, 51, 52, 53, 57, 58 എന്നിവയിൽ ചേർത്തിട്ടുള്ള ബില്ലുകൾ ഒഴികെ അറ്റകുറ്റപ്പണിയ്ക്ക് ചെലവഴിച്ചതായി കാണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ബില്ലുകൾ ലോഗ് ബുക്കിലോ ക്യാഷ് ബുക്കിലോ ചേർത്തിട്ടില്ല.

| ബില്ല് നല്കിയ സ്ഥാപനം | ബില്ല് നമ്പർ | ആവശ്യം | തുക |
|---|---|---|---|
| രാജ് ഓട്ടോ ഇലക്ട്രിക്കൽസ് | 3380/24.01.19 | സ്വിച്ച്, എൽ.ഇ.ഡി | 1280 |
| ഡിവൈൻ ഓട്ടോമൊബൈൽസ് | 140/18.05.19 | സ്പെയർ പാർട്ട്സ് | 803 |
| തമ്പി ഓട്ടോ ഇലക്ട്രിക്കൽസ് | 83/24.01.19 | ലൈറ്റ്, ബൾബ് | 1200 |
| ഡിവൈൻ ഓട്ടോമൊബൈൽസ് | 638/25.01.19 | ഓയിൽ, പൈപ്പ്, ബെൽറ്റ് | 5575 |
| കേരള അഗ്രോ ഹാർവ്വസ്റ്റ് സെന്റർ | 125/29.04.19 | - | 5152 |
| മോഡേൺ എഞ്ചിനീയറിംഗ് വർക്സ് | 08/ തീയതിയില്ല | കട്ടർ ബാർ വെൽഡിംഗ് | 750 |
| വലിയത്ത് ട്രേഡേഴ്സ് | നമ്പർ ഇല്ല/19.2.19 | നട്ട്, ബോൾട്ട് | 116 |

4. **<u>വരവു ചെലവുകൾ, മേൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല</u>**

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ളതാണ് കൊയ്ത്ത് മെതി യന്ത്രമെങ്കിലും ഇതിന്റെ വരവു ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇവ മേൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

5. **<u>കൃഷി ഓഫീസറുടെ സാക്ഷ്യ പത്രം ഇല്ല</u>**

പാടശേഖരങ്ങൾക്ക് കൊയ്ത്തു മെതി യന്ത്രം അനുവദിയ്ക്കുന്നതിന് അതത് കൃഷി ഓഫീസർമാരുടെ റെക്കമെന്റേഷൻ ആവശ്യമാണ്. എന്നാൽ വളരെ കുറച്ച് അപേക്ഷകളിൽ മാത്രമേ കൃഷി ഓഫീസർമാരുടെ റെക്കമെന്റേഷൻ ഉള്ളൂ.

6. <u>അറ്റകുറ്റപ്പണിയ്ക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല</u>

കൊയ്ത്ത് മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണിയുടേതായി വളരെ അധികം ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് 30.06.2017-ൽ ജി.ഒ.(എം.എസ്) 170/07 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ അനുശാസിക്കും പ്രകാരം ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. അറ്റകുറ്റപ്പണിക്കായി അക്കൗണ്ടിൽ നിന്നും 2018-19 വർഷം 340844/- രൂപ പിൻവലിച്ചുവെങ്കിലും അതിന്റെ ചെലവു വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വൗച്ചറുകൾ പാടശേഖര സമിതികൾ/കർഷകർ നേരിട്ട് ചെലവഴിച്ച തുകയുടേതാണ്.

7. <u>ലോഗ് ബുക്കിൽ രേഖപ്പെടുത്താത്ത അറ്റകുറ്റപ്പണികൾക്കായി തുക പിൻവലിയ്ക്കുന്നു</u>

കൊയ്ത്തു മെതി യന്ത്രത്തിന്റെ അക്കൗണ്ടിൽ നിന്നും 2018-19 വർഷം പിൻവലിച്ച 415944/- രൂപയിൽ 340844/- രൂപ അറ്റകുറ്റപ്പണികൾക്കായി എന്നാണ് പാസ്സ് ബുക്കിലും ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 18-19 വർഷം (11.03.19 മുതൽ 28.03.19) ആകെ 28424/- രൂപ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ചു എന്നാണ് ലോഗ് ബുക്കിൽ രേഖയുള്ളത് (പേജ് നം. 51,52,53). ലോഗ് ബുക്കിലെ രേഖകൾക്ക് അതീതമായി തുക വിനിയോഗിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം (പേജ് 57, 58) 05/2019 ൽ 11525/- രൂപ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി പാസ്സ് ബുക്കിൽ നിന്നും തുകയൊന്നും പിൻവലിച്ചിട്ടില്ല. അക്കൗണ്ടിൽ നിന്നും തുക പിൻവലിയ്ക്കാതെ അറ്റകുറ്റപ്പണിയ്ക്കായി വിനിയോഗിച്ചതിൽ നിന്നും പാട ശേഖര സമിതികളിൽ നിന്നും ഈടാക്കുന്ന തുക പൂർണ്ണമായും അക്കൗണ്ടിൽ അടയ്ക്കുന്നില്ലാ എന്ന് വ്യക്തമാകുന്നു. കൂടാതെ ലഭിച്ച തുകയിൽ നിന്നും ചെലവ് കഴിച്ചുള്ള തുകയാണ് ബാങ്കിൽ ഒടുക്കുന്നതെന്ന് മുൻഖണ്ഡികയിൽതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് അനുവദിക്കാവുന്നതല്ല. അറ്റകുറ്റപ്പണികൾക്കായി പിൻ വലിയ്ക്കുന്ന തുകയുമായി ബന്ധപ്പെട്ട വൗച്ചറുകൾ ക്രമ പ്രകാരം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ തുക പിൻവലിയ്ക്കുന്ന കസ്റ്റോഡിയൻ ഓഫീസർ പാസ്സാക്കിയതായി രേഖയില്ല.

8. <u>യന്ത്രത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല</u>

കൊയ്ത്തു മെതിയന്ത്രം പാടശേഖരങ്ങളിൽ ഉപയോഗിയ്ക്കുന്ന വേളയിലെ ഇന്ധനത്തിന്റെ ഉപഭോഗം ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ കൃത്യമായ ഇന്ധന ബില്ല് ചെലവു രേഖകൾക്കൊപ്പം സൂക്ഷിയ്ക്കുകയോ ചെയ്യുന്നില്ല. കൊയ്ത്തു മെതി യന്ത്രം വാടകയ്ക്കെടുക്കുന്ന പാടശേഖരങ്ങൾ ഇതിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9. <u>അക്കൗണ്ടിൽ നിന്നും തുക പിൻവലിയ്ക്കുന്നതിന് കൃത്യമായ രേഖകളില്ല</u>

ബൈലോ പ്രകാരം വാഹനം അറ്റകുറ്റപ്പണി നടത്തേണ്ടത് യന്ത്രം വാടകയ്ക്കെടുക്കുന്ന പാടശേഖര സമിതി/ കർഷകർ ആണെങ്കിലും അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതിന് വ്യക്തമായ രേഖകൾ ഇല്ല.

10. <u>750/- രൂപ നിരക്കിലാണ് വാടക ഈടാക്കുന്നതെങ്കിലും വാടക നിശ്ചയിച്ചതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.</u>

ലഭ്യമായ രേഖകൾ പ്രകാരം കൊയ്ത്തു മെതിയന്ത്രത്തിന് 750/- രൂപ നിരക്കിലാണ് വാടക ഈടാക്കുന്നതെങ്കിലും വാടക നിശ്ചയിച്ചതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

മേൽ വിഷയങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.10/04.01.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിന്റെ കണ്ടെത്തലുകളെ അംഗീകരിക്കുകയാണുണ്ടായത്.

രസീതു പിരിവിലെ അപാകങ്ങളാലും ചെലവു രേഖകൾ സുതാര്യമല്ലാത്തതിനാലും എ.ഡി.എ കസ്റ്റോഡിയൻ ഓഫീസറായ കൊയ്ത്തു മെതി യന്ത്രത്തിന്റെ വരവു ചെലവുകളും നടത്തിപ്പും സംബന്ധിച്ച് മുകളിൽ പ്രതിപാദിച്ച അപാകതകളിൻമേൽ സമഗ്രമായ അന്വേഷണത്തിനും തുടർ നടപടികൾക്കും വിധേയമാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

# 3-2 ഇന്റർലോക്ക് പാകലിന് അധിക നിരക്ക് - കരാറുകാരന് 33,216/- രൂപ അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പള്ളിപ്പടി - ചക്കുളത്ത് കാവ് റോഡ് |
| പ്രോജക്ട് നം. | 70/19 |
| കരാറുകാരൻ | ശ്രീ.റ്റി.വി.വിജയകുമാർ |
| എഗ്രിമെന്റ് നം./തീയതി | 8/17-18/28.2.18 |
| മൂല്യനിർണ്ണയ തുക | 9,06,600/- |
| അളവു പുസ്തക നം. | 13/17-18 |
| ട്രഷറി ബിൽ നം./തീയതി | 3/14.06.18 |

ഈ പ്രവൃത്തിയുടെ 3-ാം ഇനമായി 160 മീറ്റർ നീളത്തിലും 3.75 മീറ്റർ വീതിയിലും (600 $m^2$) ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് (80 mm) പാകുന്നതിനായി 916.39/$m^2$ നിരക്കിൽ 5,49,834/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തുകയും, ഇതേ അളവിൽ പ്രവൃത്തി നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. Mord Specification 6-7-1 പ്രകാരമാണ് ഈ ഇനത്തിന് നിരക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ഇന്റർലോക്ക് പാകുന്നതിന് ഇരുവശത്തും എഡ്ജ് ബ്ലോക്ക് (Edge Block) ചെയ്യുന്നതിനുള്ള നിരക്കുകൂടി ഉൾപ്പെടുന്നു (M-381). എന്നാൽ ഈ പ്രവൃത്തിയുടെ 4-ാം ഇനമായി ഇന്റർലോക്ക് പാകിയ റോഡിന് ഇരുവശവും മുഴുവൻ നീളത്തിലും (160 m), ശരാശരി 60 സെ.മീ. വീതിയിലും കോൺക്രീറ്റ് ചെയ്യതിന് (18.2 $m^3$) 8923.27 $m^3$ നിരക്കിൽ 1,62,404/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡിന്റെ ഇരുവശവും പ്രത്യേകമായി കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഇന്റർലോക്ക് പാകുന്നതിനുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരുന്ന Edge block നിരക്ക് കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരം കുറവു വരുത്താതെ തുക അനുവദിക്കുകവഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| ഇന്റർലോക്ക് പാകലിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് (225 $m^2$) | 110022.26 |
| (-) Edge block നിരക്ക് | 6660 |
| | **103362.26** |
| Edge block 1 $m^2$ നുള്ള നിരക്ക് | 103362.26 / 225 |
| | **459.39** |
| +OH (10%) | 459.39+45.94 |
| | **505.33** |
| +CP (10%) | 505.33+50.53 |
| | **555.86** |
| (+) Cost index (54.9%) | 555.86+305.17 |
| Edge blockനു തുക ഒഴിവാക്കിയതിനുശേഷം അനുവദനീയമായ നിരക്ക് | **861.03/$m^2$** |
| നൽകിയ നിരക്ക് | 916.39/$m^2$ |
| കരാറുകാരന് നൽകാവുന്ന തുക | 600x861.03 |
| | **516618** |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 600x916.39 |
| | **543834** |
| അധികം നൽകിയ തുക | 543834-<br>516618 |
| | **33216** |

ഇപ്രകാരം കരാറുകാരന് അധികം തുക അനുവദിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/03.01.2020) ഇന്റർലോക്കിന് കടത്തുകൂലി അനുവദിച്ചിട്ടില്ലാത്തതിനാൽ ആയതുകൂടി പരിഗണിച്ചാൽ നൽകിയ അധിക നിരക്ക് 23.66/$m^3$ ആണെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. എന്നാൽ ഇന്റർലോക്കിന്റെ കടത്തുകൂലി എസ്റ്റിമേറ്റിലും, ടെണ്ടർ ഷെഡ്യൂളിലും ഉൾപ്പെടുത്തിയിട്ടില്ല. ഇതിലേക്ക് കരാറുകാരൻ പ്രത്യേകം തുക ആവശ്യപ്പെട്ടിട്ടുമില്ല. കരാറുകാരൻ അംഗീകരിച്ച നിരക്കിൽ അധികരിച്ച് ടിയാന് തുക നൽകുന്നത് അനുവദനീയമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയതും, സാങ്കേതികാനുമതി നൽകിയതും, മൂല്യനിർണ്ണയം നടത്തിയതുമായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കിയത് – ശ്രീമതി. ഷംല.എം.എസ്, അസിസ്റ്റന്റ് എൻജിനീയർ
സാങ്കേതിക അനുമതി നൽകിയത് – ശ്രീമതി. ശ്രീകല.കെ.ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
മൂല്യനിർണ്ണയം നടത്തിയത് – ശ്രീമതി.ഇന്ദു.ഇ.ആർ, അസിസ്റ്റന്റ് എൻജിനീയർ

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1281000 | ലൈഫ് വിഹിതം | 0 | 1281000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി നിൽകുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി ആലപ്പുഴ | 36/18 ചെറിയനാട് ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി | | 1000000 | | 1000000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ആലപ്പുഴ | 37/19 കരിമ്പിൻ മുറ്റം കുടിവെള്ള പദ്ധതി,ആല ഗ്രാമപഞ്ചായത്ത് | | 1000000 | 0 | 1000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം തുക നൽകിയിട്ടില്ല

# 4-4 വായ്പ/വായ്പാതിരിച്ചടവ്

**ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ.ഭവനം | | 6133132 | 2193378 | 826257 | 173743 | 1367121 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61836510 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80322972 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 126865 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6670040 |

**(ബി).** **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 93649 | ശ്രീമതി.സാറാ.ടി.ജോൺ, എ.ഡി.എ. |
| 3-2 | | 33216 (11072x3) | ശ്രീമതി.ഷംല.എം.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| | | | ശ്രീമതി.ഇന്ദു.എൽ.ആർ, അസിസ്റ്റന്റ് എൻജിനീയർ |
| | | | ശ്രീമതി.ശ്രീകല.കെ.ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

| | | | |
|---|---|---|---|
| ആകെ | | 126865 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 75,000 | സാറാ.ടി.ജോൺ, എ.ഡി.എ. |
| 1-14 | 2,50,000 | ഡോ. ചിത്ര.കെ.ബി, മെഡിക്കൽ ഓഫീസർ |
| 1-15 | 1,31,600 | ഡോ. ചിത്ര.കെ.ബി, മെഡിക്കൽ ഓഫീസർ |
| 1-16 | 19,30,000 | പട്ടികജാതി വികസന ഓഫീസർ |
| 1-17 | 25,000 | പട്ടികജാതി വികസ ഓഫീസർ |
| 1-18 | 20,000 | ഹർഷൻ.എ.എസ്, ബ്ലോക്ക് സെക്രട്ടറി |
| 1-19 | 65,800 | ഹർഷൻ.എ.എസ്, ബ്ലോക്ക് സെക്രട്ടറി |
| 1-21 | 20,00,000 | ഹർഷൻ.എ.എസ്, ബ്ലോക്ക് സെക്രട്ടറി |
| 1-22 | 48,750 | ഹർഷൻ.എ.എസ്, ബ്ലോക്ക് സെക്രട്ടറി |
| 1-23 | 21,23,890 | സാറാ.റ്റി.ജോൺ, അസിസസ്റ്റന്റ് ഡയറക്ടർ |
| ആകെ | 6670040 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|
| സാറാ.റ്റി.ജോൺ, കൃഷി അസിസ്റ്റന്റ് ഡറക്ടർ | അസിസ്റ്റന്റ് ഡയറക്ടർ, ചെങ്ങന്നൂർ |
| ഡോ.ചിത്ര.കെ.ബി മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാണ്ടനാട്, ചെങ്ങന്നൂർ |
| ശ്രീമതി.ഷംല.എം.എസ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| ശ്രീമതി.ഇന്ദു.എൽ.ആർ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| ശ്രീമതി.ശ്രീകല.കെ.ആർ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് എ3-/310/00/തീയതി 5.10.2010 |
| 1996-97 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1997-98 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1998-99 | എൽ എഫ് എ5/87/01/തീയതി 29.9.01 |
| 2000-01 | എൽഎഫ്എ7/1298(എ)/04/തീയതി 5.8.2005 |
| 2002-03 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(32) തീയതി 31.3.2014 |
| 2003-04 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(33) തീയതി 31.3.2014 |
| 2004-05 | എൽഎഫ്എ/ബിപി അദാലത്ത്/26/14(34) തീയതി 31.3.2014 |
| 2005-06 | എൽഎഫ്എ/ബിപി അദാലത്ത്/26/14(35) തീയതി 31.3.2014 |
| 2006-07 | എൽഎഫ്എ/ബിപി അദാലത്ത്/26/14(36) തീയതി 31.3.2014 |
| 2007-08 | എൽഎഫ്എ/ബിപി അദാലത്ത്/26/14(37) തീയതി 31.3.2014 |
| 2008-09 | എൽഎഫ്എ 1577/13/12.5.14 |
| 2009-10 | എൽഎഫ്എ/ബിപി അദാലത്ത്/26/14(38)തീയതി 31.3.2014 |
| 2010-11, 2011-12 | എൽഎഫ്എ7/275/2013/3.6.13/30.6.13 |
| 2012-13 | എൽഎഫ്എപി3/364/2015/30.5.2015 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-209/17 തീയതി.10.3.17/22.3.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1453/17 തീയതി.7.12.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-143/2019 തീയതി.08.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ആലപ്പുഴ**

# <u>അനുബന്ധം-1</u>

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-124/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 21.04.2020

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-124/2020

Kerala State Audit Department,

District Audit Office, Alappuzha.

Date: 21.04.2020

Ph: 0477 2252753

E-mail : ddhglfalpy@gmail.com

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Chengannur Block Panchayat in Alappuzha District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/LSGD dated 22.05.2018

In my opinion, the Annual Financial Statement of Chengannur Block Panchayat for the year 2018-19 subject to the observations in the Annexure properly presents the picture of income, expenditure and closing balance.

Senior Deputy Director,

Kerala State Audit Department,

Alappuzha

# അനുബന്ധം-2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ